പീപ്പിൾസ് റിവ്യൂ

സത്യാന്ന പ്രമദിതവ്യം

PEOPLE REVIEW

Estd : 2007

2026 ഒക്ടോബർ 30 വെള്ളി

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

www.peoplesreview.co.in

PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 5 രൂപ

ഭരണം പിടിക്കാൻ നെതന്യാഹുവിന് മുന്നിലെ വഴികൾ

ടെൽ അവീവ്: 2026-ലെ ഇസ്രയേൽ പാർലമെന്റ് തിരഞ്ഞെടുപ്പ് ഫലം പുറത്തുവന്നതോടെ രാജ്യത്ത് കടുത്ത രാഷ്ട്രീയ അനിശ്ചിതത്വം നിലനിൽക്കുന്നു. 120 അംഗങ്ങളുള്ള പാർലമെന്റിൽ സർക്കാറുണ്ടാക്കാൻ ആവശ്യമായ 61 സീറ്റുകളുടെ ഭൂരിപക്ഷം ഒറ്റക്കക്ഷിക്കോ നിലവിലെ സഖ്യങ്ങൾക്കോ നേടാനായിട്ടില്ല. ഇതോടെ ഇസ്രയേലിൽ ഭരണം പിടിക്കാനും പ്രതിസന്ധി മറികടക്കാനും മുന്നിലുള്ള പ്രധാന വഴികളെക്കുറിച്ചുള്ള ചർച്ചകൾ ശക്തമായിരിക്കുകയാണ്.

പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിന്റെ നേതൃത്വത്തിലുള്ള വലതുപക്ഷ-തീവ്രവലതുപക്ഷ സഖ്യം 53 സീറ്റുകൾ നേടി. ഇതിൽ നെതന്യാഹുവിന്റെ ലികുഡ് പാർട്ടി 27 സീറ്റുകൾ നേടി ഏറ്റവും വലിയ ഒറ്റക്കക്ഷിയായി. മധ്യപക്ഷ നേതാവായ ഗാദി ഐസൻകോട്ടിന്റെ നേതൃത്വത്തിലുള്ള പ്രതിപക്ഷ സഖ്യത്തിന് 48 സീറ്റുകളാണ് ലഭിച്ചത്. അതേസമയം, 19 സീറ്റുകൾ നേടിയ റആം (ഞമ'മാ), 'ജോയിന്റ് ലിസ്റ്റ്' എന്നീ അറബ് പാർട്ടി കൂട്ടായ്മകൾ സർക്കാരുണ്ടാക്കുന്നതിൽ നിർണായക ശക്തികളായി (കിങ് മേക്കേഴ്സ്) മാറിയിട്ടുണ്ട്.

ഏതെങ്കിലും മുന്നണിക്ക് ഭൂരിപക്ഷം തികയ്ക്കാൻ സഖ്യചർച്ചകൾ നിർണായകമാണ്. അതേ സമയം അടുത്ത 12 ആഴ്ചയ്ക്കുള്ളിൽ ഭരണസഖ്യം ഉണ്ടാക്കാൻ കഴിഞ്ഞില്ലെങ്കിൽ ഇസ്രയേൽ ജനത വീണ്ടും വോട്ടെടുപ്പിലേക്ക് പോകേണ്ടിവരും. രാഷ്ട്രീയ തടസ്സങ്ങൾ മറികടന്ന് സർക്കാരുണ്ടാക്കാൻ പ്രധാനമായും അഞ്ച് വഴികളാണ് മുന്നിലുള്ളത്.

ഏറ്റവും വലിയ ഒറ്റക്കക്ഷിയായ ലികുഡ് പാർട്ടിയുടെ നേതാവ് ബെഞ്ചമിൻ നെതന്യാഹു, പ്രതിപക്ഷ പാർട്ടികളുമായി ചേർന്ന് സർക്കാർ രൂപീകരിക്കുന്നതാണ് ഒന്നാമത്തെ വഴി. ഗാദി ഐസൻകോട്ടിന്റെ യാഷർ പാർട്ടി, അവിഗ്ദോർ ലീബർമാന്റെ 'ഇസ്രയേൽ അവർ ഹോം', നഫ്താലി ബെനറ്റിന്റെ 'ടുഗെദർ' എന്നീ മധ്യ-വലതുപക്ഷ പാർട്ടികളെ ഒപ്പം കൂട്ടിയാൽ നെതന്യാഹുവിന് 66 സീറ്റുകളുടെ ഭൂരിപക്ഷം ലഭിക്കും. എന്നാൽ ഇതിന് സാധ്യത കുറവാണ്.

ഇതിനായി തന്റെ സ്വാഭാവിക സഖ്യകക്ഷികളായ തീവ്രവലതുപക്ഷ, അൾട്രാ-ഓർത്തഡോക്സ് ജൂത പാർട്ടികളെ നെതന്യാഹുവിന് ഉപേക്ഷിക്കേണ്ടിവരും. മാത്രമല്ല, നെതന്യാഹു



വിനെ ഭരണത്തിൽ നിന്ന് പുറത്താക്കുമെന്ന വോട്ടർമാർക്കുള്ള വാഗ്ദാനം ലംഘിക്കാൻ പ്രതിപക്ഷ പാർട്ടികളും തയ്യാറായേക്കില്ല.

ഏറ്റവും വലിയ ഒറ്റക്കക്ഷിയുടെയും വലിയ രാഷ്ട്രീയ സഖ്യത്തിന്റെയും നേതാവായതിനാൽ പ്രധാനമന്ത്രി പദം പങ്കുവെക്കുന്നതിന് നെതന്യാഹു സമ്മതിക്കാൻ സാധ്യത കുറവാണ്. എങ്കിലും ഐസൻകോട്ടിന്റെ മുന്നണിയുമായി സഹകരിച്ച് പ്രധാനമന്ത്രി പദം ഊഴംവെച്ച് പങ്കിടുന്ന രീതിയിലുള്ള കരാറിന് അദ്ദേഹം സമ്മതിച്ചേക്കാനുള്ള സാധ്യതയും തള്ളിക്കളയാനാവില്ല. ഈ സാഹചര്യത്തിലും നെതന്യാഹുവിന് കീഴിൽ പ്രവർത്തിക്കേണ്ടി വരുന്നത് പ്രതിപക്ഷ നേതാക്കൾക്ക് വോട്ടർമാരോടുള്ള വാഗ്ദാനലംഘനമാകും.

കഴിഞ്ഞ തിരഞ്ഞെടുപ്പിൽ 64 സീറ്റുകളുണ്ടായിരുന്ന നെതന്യാഹുവിന്റെ സഖ്യം ഇത്തവണ 53 സീറ്റുകളിലേക്ക് ചുരുങ്ങി. എങ്കിലും ഇസ്രയേലിലെ കടുപ്പമേറിയ തന്ത്രജ്ഞനായ രാഷ്ട്രീയക്കാരനാണ് നെതന്യാഹു. പ്രതിപക്ഷ പാർട്ടികളിലെ അംഗങ്ങളെ തന്റെയൊപ്പം എത്തിച്ച് പ്രതിപക്ഷത്ത് പിളർപ്പുണ്ടാക്കാൻ അദ്ദേഹം ശ്രമിച്ചേക്കും. 2022-ലെ തിരഞ്ഞെടുപ്പിന് മുന്നോടിയായി പ്രതിപക്ഷ നേതാവായിരുന്നപ്പോഴും നെതന്യാഹു ഇത് വിജയകരമായി ചെയ്തിട്ടുണ്ട്.

സർക്കാരുണ്ടാക്കാൻ പ്രസിഡന്റ് ഐസക് ഹെർസോഗ് ആദ്യം ഗാദി ഐസൻകോട്ടിനെ ക്ഷണിച്ചാൽ, അദ്ദേഹത്തിന്റെ 'യാഷർ പാർട്ടി', 'ദി ഡെമോക്രാറ്റ്സ്', 'ഇസ്രയേൽ അവർ ഹോം' എന്നീ സഖ്യകക്ഷികളെ ചേർത്ത് സർക്കാർ ഉണ്ടാക്കാൻ ശ്രമിച്ചേക്കാം. ഇതിനായി റആം, ജോയിന്റ് ലിസ്റ്റ് എന്നീ രണ്ട് അറബ് പാർട്ടികളുടെ പുറത്തുനിന്നുള്ള പിന്തുണ അദ്ദേഹം തേടേണ്ടി വരും. ഐസൻകോട്ട് ക്യാമ്പിന്റെ 48 സീറ്റുകളും അറബ് പാർട്ടികളുടെ 19 സീറ്റുകളും ചേരുമ്പോൾ 67 സീറ്റുകളുടെ ഭൂരിപക്ഷം ലഭിക്കും.

എന്നാൽ അറബ് പാർട്ടികളുമായി കൈകോർക്കില്ലെന്ന തിരഞ്ഞെടുപ്പ് വാഗ്ദാനം ഐസൻകോട്ട് മാറ്റിയാൽ പോലും, ഒക്ടോബർ 7-ലെ ഹമാസ് ആക്രമണത്തിനുശേഷം അറബ് വിരുദ്ധ നിലപാട് ശക്തമായ ഇസ്രയേൽ സമൂഹത്തിൽ ഇതിന് ജനസമ്മതി നേടൽ പ്രയാസമായിരിക്കും. അറബ് പാർട്ടികളുടെ പിന്തുണ തേടുന്നതിനെതിരെ നെതന്യാഹു കടുത്ത പ്രചാരണം നടത്തിയിരുന്നു. നിലവിൽ 'ദി ഡെമോക്രാറ്റ്സ്' മാത്രമാണ് അറബ് പാർട്ടികളെ സർക്കാറിൽ ഉൾപ്പെടുത്തണമെന്ന് പരസ്യമായി ആവശ്യപ്പെട്ടത്.

അതേസമയം, ഐസൻകോട്ടിന്റെ ക്യാമ്പുമായി സഹകരിക്കാൻ സന്നദ്ധരാണെന്ന് ഇരു അറബ് പാർട്ടികളും സൂചന നൽകിയിട്ടുണ്ട്. 2021-ൽ ബെനറ്റ് സർക്കാറിൽ റആം പാർട്ടി പങ്കാളിയായതാണ് ഇസ്രയേൽ ചരിത്രത്തിൽ ഒരു സ്വതന്ത്ര അറബ് പാർട്ടി സഖ്യത്തിൽ ചേർന്ന ആദ്യ സംഭവം. ആ സർക്കാർ 18 മാസത്തിനുശേഷം വീണു.

കേരളത്തിലെ എസ്ഐആർ: പരാതി നൽകാനുള്ള സമയം നീട്ടി സുപ്രീംകോടതി

ന്യൂഡൽഹി: കേരളത്തിലെ എസ്ഐആറിൽ പേര് നീക്കം ചെയ്തവർക്ക് പരാതി നൽകാനുള്ള സമയം നീട്ടി നൽകി. ചീഫ് ജസ്റ്റിസ് സൂര്യകാന്ത് അധ്യക്ഷനായ സുപ്രീംകോടതി ബെഞ്ചിന്റേതാണ് നിർദേശം.

പരാതിക്കാർക്ക് തെരഞ്ഞെടുപ്പ് കമ്മീഷനെ സമീപിക്കാവുന്നതാണെന്ന് കോടതി വ്യക്തമാക്കി. രേഖാമൂലം ലഭിക്കുന്ന പരാതികൾ പരിശോധിച്ച് ഉചിതമായ നിലപാട് സ്വീകരിക്കാൻ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന് സുപ്രീംകോടതി നിർദേശം നൽകി.

ഉത്തർപ്രദേശ്, കേരളം, ഛത്തീസ്ഗഡ് എന്നിവിടങ്ങളിലെ 'എസ്ഐആർ' ഹർജികൾ പരിഗണിക്കുകയായിരുന്നു സുപ്രീംകോടതി. കേരളത്തിൽ എസ്ഐആറിന്റെ ഭാഗമായി പേരു നീക്കം ചെയ്യപ്പെട്ടവർക്ക്, പേര് ചേർക്കണമെന്ന് ആവശ്യപ്പെട്ട് പരാതി നൽകാനുള്ള സമയപരിധി ഇന്ന് (ഒക്ടോബർ 30) അവസാനിക്കുമെന്ന് സിപിഐഎം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദന്റെ അഭിഭാഷകൻ ജി പ്രകാശ് സുപ്രീംകോടതിയിൽ ചൂണ്ടിക്കാട്ടി. അപ്പോഴാണ് പരാതിയുള്ളവർക്ക് തുടർന്നും തെരഞ്ഞെടുപ്പ് കമ്മീഷനെ സമീപിക്കാമെന്ന് ചീഫ് ജസ്റ്റിസ് വ്യക്തമാക്കിയത്.

കേരളത്തിലെയും ഛത്തീസ്ഗഡിലെയും എസ്ഐആർ നടപടികൾ പൂർത്തിയായിക്കഴിഞ്ഞുവെന്ന് തെരഞ്ഞെടുപ്പ് കമ്മീഷനുവേണ്ടി ഹാജരായ മുതിർന്ന അഭിഭാഷകൻ ഡി എസ് നായിഡു കോടതിയെ അറിയിച്ചു. ഉത്തർപ്രദേശിനെ സംബന്ധിച്ചിടത്തോളം, വൻതോതിൽ 'ഫോം 7' സമർപ്പിക്കപ്പെട്ടെന്ന ആരോപണങ്ങൾ പരിശോധിക്കാൻ തെരഞ്ഞെടുപ്പ് കമ്മീഷനോട് നിർദ്ദേശിച്ചിരുന്നു. കമ്മീഷൻ ഉദ്യോഗസ്ഥർ പരിശോധിച്ചതിൽ അവ വ്യാജമാണെന്ന് കണ്ടെത്തി. അതിൽ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ട് എന്നും അഭിഭാഷകൻ നായിഡു അറിയിച്ചു.

വൈദ്യുതി പ്രതിസന്ധി; കെഎസ്ഇബിക്കുള്ളിൽ വിമർശനം

തിരുവനന്തപുരം: കടുത്ത വൈദ്യുതി പ്രതിസന്ധിക്കിടയിലും യൂണിറ്റിന് പത്തു രൂപയ്ക്ക് താഴെയുള്ള ഹ്രസ്വകാല കരാറുകൾക്ക് പോലും റഗുലേറ്ററി കമ്മീഷൻ അനുമതി നൽകാത്തതിൽ കെഎസ്ഇബിക്കുള്ളിൽ വിമർശനം. അതേ സമയം കൂടിയ വിലയ്ക്കുള്ള വൈദ്യുതി വാങ്ങൽ കെഎസ്ഇബിയെ സാമ്പത്തികമായി തകർക്കുമെന്നാണ് ഇന്നലത്തെ ഉത്തരവിൽ കമ്മീഷൻ മുന്നറിയിപ്പ്. നവംബർ മുതൽ ഏപ്രിൽ വരെ 2050 മെഗാവാട്ടിൻറെ ഹ്രസ്വകാല കരാറുകൾക്കാണ് കെഎസ്ഇബി അപേക്ഷിച്ചത്. എന്നാൽ റഗുലേറ്ററി കമ്മീഷൻ 1035 മെഗാവാട്ടിനും അനുമതി നിഷേധിച്ചു.

പുലർച്ചെ 12 മുതൽ രാവിലെ 8 വരെയും പീക്ക് അവർ സമയത്തെയും കരാറുകൾക്കാണ് അനുമതി തേടിയത്. ഇതിൽ ഓഫ് പീക്ക് സമയത്ത് യൂണിറ്റിന് 7.25 രൂപയ്ക്കുള്ള വൈദ്യുതി വാങ്ങാൻ പോലും അനുമതി നൽകിയില്ലെന്നാണ് കെഎസ്ഇബിയിലെ പരാതി. മാർച്ചിലും ഏപ്രിലിലും യൂണിറ്റിന് 13.89 രൂപയ്ക്ക് പീക്ക് അവറിൽ വൈദ്യുതി വാങ്ങാനാനുള്ള കെഎസ്ഇബി നീക്കത്തിനും കമ്മീഷൻ തടയിട്ടു. ഉപഭോക്താക്കളെ ബോധവത്കരിക്കുന്നതിലൂടെ വൈദ്യുതി ഉപയോഗം പത്തു ശതമാനം വരെ കുറയ്ക്കാമെന്നാണ് ഉത്തരവിലെ കമ്മീഷൻറെ നിരീക്ഷത്തിന് ഉൾപ്പെടെ ബോർഡിൽ വിമർശനമുണ്ട്.

അതേ സമയം നിലിവലെ പ്രതിസന്ധി പരിഗണിച്ചു മാത്രമാണ് അനുമതിയെന്നും ഇതൊരു കീഴ് വഴക്കമല്ലെന്നും വ്യക്തമാക്കി കൊണ്ടുമാണ് 1015 മെഗാവാട്ട് വാങ്ങാനുള്ള കമ്മീഷൻറെ ഉത്തരവ്. അനുമതിയില്ലാതെ ഓഫ് പീക്ക് സമയങ്ങളിൽ ഉയർന്ന വിലയ്ക്ക് വൈദ്യുതി വാങ്ങുകയാണെന്ന് വിമർശിച്ചു.

ഇത് കെഎസ്ഇബിയ്ക്ക് സാമ്പത്തിക പ്രശ്നങ്ങളുണ്ടാക്കും. നടപ്പു വർഷത്തെ ഹ്രസ്വകാല കരാറുകളുണ്ടാക്കുന്ന ബാധ്യത കുറയ്ക്കാനുള്ള നടപടികൾ ഇതുവരെ കെഎസ്ഇബി നിർദ്ദേശിച്ചിട്ടില്ല. ബസ് പദ്ധതികൾ സമയത്ത് തീരാത്തതിൽ വിമർശനവും ആവർത്തിച്ചു. ശൈത്യകാലമായതിനാൽ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്ന് കുറഞ്ഞ വിലയ്ക്ക് ഓഫ് പീക്ക് സമയങ്ങളിൽ വൈദ്യുതി കിട്ടും. കേന്ദ്രത്തിൽ നിന്ന് 150 മെഗാവാട്ട് അധികം വൈദ്യുതി മേയ് വരെ നീട്ടാനും മറ്റു സംസ്ഥാനങ്ങളുമായി ബാങ്കിങ് കരാറുകൾക്കും ശ്രമിക്കണം. സിന്നാർ തെർമൽ പദ്ധതിയിൽ ഡിസംബർ മുതൽ വൈദ്യുതി കിട്ടും. വേനൽക്കാലത്തേയ്ക്ക് വെള്ളം കരുതാൻ വേണ്ടി മാത്രമെന്ന് വ്യക്തമാക്കി കൊണ്ടാണ് ഹ്രസ്വകാല കരാറുകൾക്ക് കമ്മീഷൻ അനുമതി നൽകിയത്.

മദ്യപിക്കാൻ എത്തുന്നവരുടെ ആധാർ കാർഡ് പരിശോധിക്കണം; മന്ത്രി എം ലിജു

തിരുവനന്തപുരം: മദ്യപിക്കാൻ എത്തുന്നവരുടെ ആധാർ കാർഡ് പരിശോധിക്കണമെന്ന് എക്സൈസ് മന്ത്രി എം ലിജു. 23 വയസ് ആണ് മദ്യം വാങ്ങാനുള്ള കുറഞ്ഞ പ്രായം. ഇത് കർശനമായി പാലിക്കണമെന്നും എം ലിജു മാധ്യമങ്ങളോട് പറഞ്ഞു. ബാർ ലൈസൻസുകാരുടെ ഉത്തരവാദിത്തമായിരിക്കും ഇതെന്നും മന്ത്രി ഓർമ്മിപ്പിച്ചു.

23 വയസാണ് മദ്യം ഉപയോഗിക്കുന്നതിന് കേരളത്തിൽ അംഗീകരിക്കപ്പെട്ട കുറഞ്ഞപ്രായം. നെടുമ്പാശേരി സംഭവത്തിന്റെ പശ്ചാത്തലത്തിൽ മാധ്യമങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നതിന് മുൻപാണ് കേസെടുക്കാൻ താൻ എക്സൈസിന് നിർദേശം നൽകിയത്. കുട്ടികൾക്ക് മദ്യം കൊടുത്ത ബാറുകളുടെ ലൈസൻസ് സസ്പെൻഡ് ചെയ്തു. ശക്തമായ ശിക്ഷ നൽകി. ഇനി ഇക്കാര്യത്തിൽ വിട്ടുവീഴ്ചയില്ല. കേരളത്തിൽ എവിടെയെങ്കിലും നിയമാനുസൃതമായ പ്രായപരിധിയിൽ താഴെയുള്ളവർക്ക് മദ്യം കൊടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ശക്തമായ നടപടി ഉണ്ടാകും. ആ ബാറുകളുടെ ലൈസൻസ് റദ്ദാക്കുമെന്നും മന്ത്രി പറഞ്ഞു.

അതുകൊണ്ട് കേരളത്തിലെ ബാറുകൾ ജാഗ്രത പുലർത്തേണ്ടതുണ്ട്. മദ്യം കഴിക്കാനുള്ള അവകാശം നിയമപ്രകാരം 23 വയസ് ആണെങ്കിൽ ഈ പ്രായപരിധി കഴിഞ്ഞവർ കഴിച്ചാൽ മതി. അതിൽ താഴെയുള്ളവരെ കൃത്യമായി പരിശോധിക്കേണ്ട ഉത്തരവാദിത്തം ബാറുകൾക്ക് ആണ്. കേരളത്തിൽ നിരുത്തരവാദപരമായ നിരവധി വാഹനാപകടങ്ങൾ സംഭവിച്ച് കൊണ്ടിരിക്കുകയാണ്. പ്രായപൂർത്തിയാവാത്ത കുട്ടികൾക്ക് മദ്യം കൊടുക്കുക, ആ മദ്യം കഴിച്ച് അവർ അപകടം ഉണ്ടാക്കുക. നിരവധി കുടുംബങ്ങൾ അനാഥമാകുക. അതിന് അവസരം ഉണ്ടാക്കിയാൽ ബാറുകൾക്കെതിരെ ശക്തമായ നടപടി ഉണ്ടാവും. നിയമം പാലിക്കാനുള്ള ഉത്തരവാദിത്തം അവർക്കാണ്. പ്രായത്തിൽ സംശയം തോന്നിയാൽ ആധാർ കാർഡ് ഉൾപ്പെടെയുള്ള രേഖകൾ ബാർ അധികൃതർ പരിശോധിക്കണം. എന്നിട്ട് മാത്രമേ മദ്യം നൽകാവൂ എന്നും മന്ത്രി പറഞ്ഞു.

ഭാര്യയെ ഓഫീസിൽനിന്നും പിടിച്ചിറക്കി കമ്പിപ്പാരവെച്ച് തലയ്ക്കടിച്ചു; പിന്നാലെ സ്വയം വെടിയുതിർത്ത് ജീവനൊടുക്കി ഭർത്താവ്

കമ്പംമെട്ട്: ഇടുക്കിയിൽ പോസ്റ്റ്ഓഫീസ് ജീവനക്കാരിയായ യുവതിയെ ഓഫീസിൽ നിന്നും പിടിച്ചിറക്കി കമ്പിപ്പാര ഉപയോഗിച്ച് തലയ്ക്കടിച്ച ശേഷം ഭർത്താവ് സ്വയം വെടിവെച്ച് മരിച്ചു. കമ്പംമെട്ട് നെറ്റിത്തൊഴു സ്വദേശി മഴുവൻചേരിയിൽ സന്തോഷാണ് മരിച്ചത്. ഇന്ന് രാവിലെ 9.30-ഓടെയായിരുന്നു സംഭവം.

സന്തോഷും ശ്രീജയും തമ്മിൽ വിവാഹ മോചനത്തിനുള്ള കേസ് നിലനിൽക്കുകയായിരുന്നു. നാളെ ഇതിന്റെ വിധി വരാനിരിക്കെയാണ് സന്തോഷ് ശ്രീജയെ ആക്രമിച്ചത്. കുഴിത്തൊളു പോസ്റ്റ് ഓഫീസിലെ ജീവനക്കാരിയായ ശ്രീജ, ഭർത്താവുമായി പിണങ്ങി തൂക്കുപാലത്താണ് താമസിച്ചിരുന്നത്.



ഇന്ന് രാവിലെ ജോലിക്കായി ഓഫീസിലെത്തിയ ശ്രീജയെ സന്തോഷ് ഓഫീസിൽ നിന്നും വലിച്ചിറക്കി കമ്പിപ്പാര കൊണ്ട് ആക്രമിക്കുകയായിരുന്നു.

ശബ്ദം കേട്ട് ഓടിയെത്തിയ നാട്ടുകാരെ കയ്യിൽ കരുതിയിരുന്ന തൂക്കി ചൂണ്ടി ഭയപ്പെടുത്തി ഓടിച്ച ശേഷം റിവോൾവർ ഉപയോഗിച്ച് സ്വയം വെടിയുതിർക്കുകയായിരുന്നു.

തലയ്ക്കടിയേറ്റ് ഗുരുതരമായി പരിക്കേറ്റ ശ്രീജയെ കട്ടപ്പനയിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

കമ്പംമെട്ട് പോലീസ് സ്ഥലത്തെത്തി മേൽ നടപടികൾ സ്വീകരിച്ചുവരികയാണ്.

നിപ; മൂന്ന് വർഷത്തിനിടെ മരിച്ച ആറുപേരും റെംഡെസിവിർ മരുന്ന് സ്വീകരിച്ചിട്ടില്ലെന്ന്

കോഴിക്കോട്: നിപ ബാധിച്ച് കഴിഞ്ഞ മൂന്ന് വർഷത്തിനിടെ മരിച്ച ആറുപേരും കോഴിക്കോട് മെഡിക്കൽ കോളജിൽ നിന്ന് റെംഡെസിവിർ മരുന്ന് സ്വീകരിച്ചിട്ടില്ലെന്ന് ഡോ എ.എസ് അനൂപ കുമാർ. 2023 മുതൽ 2025 വരെയുള്ള സമയത്ത് 13 പേർക്കാണ് നിപ ബാധിച്ചത്. ഇതിൽ ആറു പേർ മരിക്കുകയും ഏഴു പേർ രോഗത്തിൽ നിന്ന് കരകയറുകയും ചെയ്തു. എന്നാൽ മരിച്ച ആറ് പേരിൽ ഒരാൾ പോലും കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്ന് റെംഡെസിവിർ മരുന്ന് സ്വീകരിച്ചിട്ടില്ലെന്ന് അനൂപ് ഫേസ്ബുക്ക് വീഡിയോയിൽ വ്യക്തമാക്കുന്നു.

അതേസമയം മരുന്നിൻറെ ആധികാരികതയിൽ സംശയമില്ലെന്ന് ആരോഗ്യമന്ത്രി കെ.മുരളീധരൻ പറഞ്ഞു. എന്നാൽ ക്ലിനിക്കൽ ട്രയൽ മരുന്നാണോ രോഗികൾക്ക് നൽകിയതെന്ന് സംശയം മെഡിക്കൽ കോളജ് സൂപ്രണ്ട് നൽകിയ വിവരത്തിൻറെ അടിസ്ഥാനത്തിലാണ് അന്വേഷണം.

മാനുഫാക്ചറിങ് ഡേറ്റും എക്സ്പയറി ഡേറ്റും രേഖപ്പെടുത്തേണ്ടതാണ് എങ്കിലും മാനുഫാക്ചറിംഗ് ഡേറ്റ് ഇല്ലാത്ത മരുന്ന് ആയിരുന്നു എത്തിയത്.

മെഡിക്കൽ ബോർഡിന്റെ റിപ്പോർട്ട് വന്നശേഷമേ കൂടുതൽ പറയാനാവൂ. എസ്എംഎ മരുന്ന് വിവാദത്തിൽ പ്രതിഷേധിച്ചവർക്ക് ഈ വിഷയത്തിൽ എന്ത് പറയാനുണ്ട് എന്നും മുരളീധരൻ ചോദിക്കുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിദേശ മരുന്ന് കമ്പനികളുമായി ആയിരുന്നു കൂടുതൽ ഇടപാടുകൾ. ഇതിൽ ആരെല്ലാം ഇടനിലക്കാരായി. ഇത് അടക്കമുള്ള കാര്യങ്ങൾ അന്വേഷണ പരിധിയിൽ വരുമെന്നും മന്ത്രി പറഞ്ഞു.

പതിബെൽ കമ്പനി മാനേജരുടെ ആത്മഹത്യ:

'ബില്ലുകൾ മാറാൻ രണ്ട് കോടി കൈക്കൂലി ആവശ്യപ്പെട്ടു'; ഗ്യാനേഷ് കുമാറിനെതിരെ ഗുരുതര ആരോപണം

ന്യൂഡൽഹി: പതിബെൽ കമ്പനി എൻജിനീയർ ലീസീബീനിന്റെ ആത്മഹ്യക്ക് കാരണം ഗ്യാനേഷ് കുമാറെന്ന് ആരോപണം. ബീനുമായി അടുപ്പമുണ്ടായിരുന്ന കരാറുകാരൻ വി.ഒ സാജനാണ് ആരോപണം ഉന്നയിച്ചത്. കെഎസ്ടിപി കരാർ ഏറ്റെടുത്തിരുന്ന പതിബെലിന് അന്നത്തെ പൊതുമരാമത്ത് സെക്രട്ടറിയായിരുന്ന ഗ്യാനേഷ് കുമാർ ബില്ലുകൾ മാറി നൽകിയില്ല. കടുത്ത മനോവിഷമത്തിലായിരുന്നു ലീസീ ബിൻ.

ബിൽ മാറുന്നതിന് ഗ്യാനേഷ് രണ്ട് കോടി കൈക്കൂലി ആവശ്യപ്പെട്ടെന്ന് ലീസി ബീൻ തന്നോട് പറഞ്ഞിരുന്നു. സമഗ്ര അന്വേഷണം ആവശ്യപ്പെട്ട് വിജിലൻസ് ഡയറക്ടർക്ക് പരാതി നൽകിയിട്ടുണ്ടെന്നും സാജൻ പറഞ്ഞു. ?ഗവൺമെന്റ് ഈ പരാതികൾ അഴിമതി നിരോധന നിയമപ്രകാരം അന്വേഷിച്ച് നടപടികൾ സ്വീകരിക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഇതുസംബന്ധിച്ച് സമഗ്ര അന്വേഷണം ആവശ്യപ്പെട്ട് ഒക്ടോബർ 23ന് വിജിലൻസ് ഡയറക്ടർക്ക് പരാതി നൽകിയിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു.

ചടയമംഗലത്ത് തന്റെ വീടിന് സമീപത്തായിരുന്നു ലീ താമസിച്ചിരുന്നതെന്നും വിജിലൻസിന്റെ ആദ്യ അന്വേഷണം ഗ്യാനേഷിനെ വെള്ളപൂശാൻ വേണ്ടിയായിരുന്നെന്നും പതിബെലിൽ നിന്ന് ജോലികൾ ഏറ്റെടുത്തിരുന്ന താൻ ഉൾപ്പടെ ആരിൽ നിന്നും വിജിലൻസ് മൊഴി എടുത്തിട്ടില്ലെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

അതേസമയം, ആത്മഹത്യയിൽ സാമ്പത്തിക ചൂഷണം ഉണ്ടായിട്ടുണ്ടോയെന്ന അന്വേഷണം സർക്കാർ പരിഗണനയിലാണെന്നും സമ?ഗ്രമായ അന്വേഷണം നടത്തുമെന്നും പൊതുമരാമത്ത് മന്ത്രി പി.കെ ബഷീർ സഭയിൽ വ്യക്തമാക്കിയിരുന്നു.

ഇരുപത് വർഷം മുൻപുള്ള അഴിമതി ആരോപണത്തിൽ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറിനെതിരെ വിജിലൻസ് പുനരന്വേഷണത്തിന് സംസ്ഥാന സർക്കാർ ഉത്തരവിട്ടിരിക്കുകയാണ്. ദേശീയ തലത്തിൽ തന്നെ രാഷ്ട്രീയ പ്രത്യാഘാതങ്ങൾ ഉണ്ടാക്കിയേക്കാവുന്ന അന്വേഷണത്തിന് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തലയാണ് നിർദേശം നൽകിയത്.

സർക്കാരിനും പിണറായിക്കുമെതിരെ ബിജെപി ആഹ്വാനം ചെയ്ത പ്രതിഷേധം പൊളിഞ്ഞു

തിരുവനന്തപുരം: മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറിന്റെ രാജിയും എസ്ഐആർ റദ്ദാക്കണമെന്നും ആവശ്യപ്പെട്ട് ഡൽഹിയിൽ നടക്കുന്ന പ്രതിപക്ഷ സമരത്തിന് ബദലായി ബിജെപി ആഹ്വാനം ചെയ്ത പ്രതിഷേധം പൊളിഞ്ഞു. യുഡിഎഫ്-എൽഡിഎഫ് മുന്നണികൾക്ക് എതിരെ ഒരാഴ്ച നീണ്ടുനിൽക്കുന്ന സമരമാണ് ബിജെപി പ്രഖ്യാപിച്ചിരുന്നത്.

പിഎസ്സി ക്രമക്കേട്, നൂറുദിന കർമ പദ്ധതികളിലെ പാളിച്ചകൾ, പ്രതിപക്ഷ നേതാവ് പിണറായി വിജയന്റെ രാജി എന്നിവ ഉന്നയിച്ച് പ്രതിഷേധം നടത്താനായിരുന്നു ആഹ്വാനം. 28 മുതൽ സമരം നടത്തുമെന്നായിരുന്നു പ്രഖ്യാപനം. എന്നാൽ സമരം നടന്നില്ല. കോർ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിലായിരുന്നു പ്രതിഷേധം നടത്താൻ തീരുമാനിച്ചത്.ബിജെപിക്കൊപ്പം പോഷക സംഘടനകളായ യുവമോർച്ച, മഹിളാമോർച്ച, എബിവിപി എന്നീ സംഘടനകൾ നിയസഭയിലേക്ക് സമരം നടത്താനായിരുന്നു തീരുമാനം. എന്നാൽ മേയർ വി.വി രാജേഷിനെതിരെ കേസെടുത്തതിൽ സെക്രട്ടറിയേറ്റിലേക്ക് നടന്ന ഒരു സമരം മാത്രമാണ് പാർട്ടി സംഘടിപ്പിച്ചത്.ഇതോടെ ഏഴ് ദിവസം നടക്കേണ്ട സമരമാണ് പാളിയത്. കോർകമ്മിറ്റി തീരുമാനിച്ച സമരം സംസ്ഥാന നേതൃത്വം പൊളിച്ചെന്നാണ് പാർട്ടിക്കുള്ളിൽ നിന്നുയരുന്ന വിമർശനം.'കള്ളവോട്ടുകളും ഇരട്ട വോട്ടുകളും തടഞ്ഞ് തെരഞ്ഞെടുപ്പ് പ്രക്രിയ സുതാര്യമാക്കേണ്ടത് രാജ്യത്തിന്റെ അനിവാര്യതയാണ്. എന്നാൽ അതിനെ പ്പോലും എതിർത്ത് നുഴഞ്ഞുകയറ്റക്കാർക്ക് വരെ വഴിവിട്ട സഹായം നൽകുന്ന ഇത്തരം ജനവിരുദ്ധ രാഷ്ട്രീയ കൂട്ടുകെട്ടുകളെ നാട് തിരിച്ചറിയണം. ജനാധിപത്യത്തെ സംരക്ഷിക്കാനും അരാജകത്വത്തെ ചെറുത്തുതോൽപ്പിക്കാനും ഭാരതീയ ജനതാ പാർട്ടി ഒക്ടോബർ 28 മുതൽ ജില്ലാ കേന്ദ്രങ്ങളിൽ ജനാധിപത്യ സംരക്ഷണ മാർച്ച്,' സംഘടിപ്പിക്കുമെന്നായിരുന്നു ബിജെപി സംസ്ഥാന നേതൃത്വത്തിന്റെ അറിയിപ്പ്.

മലപ്പുറത്ത് എംഎസ്എഫ് നേതാവിന്റെ വീട്ടിലേക്ക് പെട്രോൾ ബോംബെറിഞ്ഞു

തിരൂർ: മലപ്പുറത്ത് എംഎസ്എഫ് നേതാവിന്റെ വീടിന് നേരെ പെട്രോൾ ബോംബ് എറിഞ്ഞു. സംസ്ഥാന സെക്രട്ടറി സുഫിയാൻ വില്ലന്റെ ചാപ്പനങ്ങാടിയിലെ വീടിന് നേരെയാണ് ആക്രമണം. പുലർച്ചെ രണ്ടരയോടെയായിരുന്നു അക്രമം.

എംഎസ്എഫ് നേതാവിന്റെ വീടിന് നേരെയുണ്ടായ ആക്രമണം കാലിക്കറ്റ് സർവകലാശാലയിൽ യുഡിഎസ്എഫും എംഎസ്എഫും തമ്മിലുണ്ടായ സംഘർഷത്തിന്റെ ഭാഗമെന്നാണ് പ്രാഥമിക നിഗമനം.

അതേസമയം സർവകലാശാല ക്യാമ്പസിലെ സംഘർഷത്തിൽ പൊലീസ് കേസെടുത്തു. ഇരുകൂട്ടരുടെയും പരാതികളിൽ കേസ് രജിസ്റ്റർ ചെയ്തു. എംഎസ്എഫ് നൽകിയ പരാതിയിൽ 11 പേർക്കെതിരെയും കണ്ടാലറിയാവുന്ന അഞ്ച് പേർക്കെതിരെയുമാണ് കേസ്.

68–ാമത് സംസ്ഥാന സ്കൂൾ കായികമേള

ആവേശകരമായി നാലാം ദിനവും മുന്നിൽ മലപ്പുറം ജില്ല

കോഴിക്കോട്:ട്രാക്കിൽ തീപ്പൊരി പടർത്തിയും വിജയലക്ഷ്യത്തിലേക്ക് ഓടിയെത്തിയും 68–ാമത് കേരള സംസ്ഥാന സ്കൂൾ കായികമേള അവിസ്മരണീയ നിമിഷങ്ങൾക്ക് സാക്ഷ്യം വഹിക്കുകയാണ്. അത്‌ലറ്റിക്സ് മത്സരങ്ങളുടെ മൂന്നാം ദിനവും, ഇൻക്ലൂസീവ് സ്പോർട്സ് ഉൾപ്പെടെ കായികമേളയുടെ നാലാം ദിനവും പൂർത്തിയാകുമ്പോൾ കോഴിക്കോടിന്റെ കായികമണ്ണിൽ ആവേശത്തിന് അൽപ്പം പോലും കുറവില്ല. മുഖ്യമന്ത്രിയുടെ 117.5 പവന്റെ തിളങ്ങുന്ന സ്വർണ്ണക്കപ്പെന്ന ഒറ്റ സ്വപ്നത്തിലേക്ക് കണ്ണുനട്ട് 14 ജില്ലകളിൽ നിന്നും ഗൾഫ് നാടുകളിൽ നിന്നും എത്തിയ പതിനായിരത്തോളം കൊച്ചു കായികപ്രതിഭകളാണ് ഈ കായിക മാമാങ്കത്തിന്റെ ജീവത്തുടിപ്പായി മാറിയിരിക്കുന്നത്.

എൻ.ഐ.ടിയിലെ മേജർ ധ്യാൻചന്ദ് സ്പോർട്സ് കോംപ്ലക്സിലെ സിന്തറ്റിക് ട്രാക്കിൽ നടന്ന മത്സരങ്ങളിൽ കാണികളുടെ നെഞ്ചിടിപ്പേറ്റിയ നിമിഷങ്ങൾ ഏറെയായിരുന്നു. കായികലോകത്തെ ഏറ്റവും വേഗമേറിയ പ്രതിഭകളെ കണ്ടെത്തുന്ന 100 മീറ്റർ സ്പ്രിന്റുകളിൽ കാറ്റിനേക്കാൾ വേഗത്തിൽ കുതിച്ചുപാഞ്ഞ കൗമാര താരങ്ങൾ സ്റ്റേഡിയത്തെ ഒന്നടങ്കം ആവേശത്തിലാഴ്ത്തി. സഹനത്തിന്റെയും ദൃഢനിശ്ചയത്തിന്റെയും മാറ്റുരച്ച 1500 മീറ്റർ ദീർഘദൂര ഓട്ടത്തിലും, വായുവിൽ വിസ്മയം തീർത്ത പോൾവോൾട്ടിലും ലോങ് ജമ്പിലും, ഹൈജംപിലും കരുത്ത് വിളിച്ചോതിയ ജാവലിൻ–ഡിസ്കസ് ത്രോ ഇനങ്ങളിലും പുതിയ റെക്കോർഡുകൾ കുറിക്കാനുള്ള താരങ്ങളുടെ പോരാട്ടവീര്യം പ്രകടമായിരുന്നു. തോൽവികളിൽ നിരാശപ്പെടാതെ വിജയിച്ചവരെ കെട്ടിപ്പുണർന്ന് അഭിനന്ദിക്കുന്ന കായിക വസന്തത്തിന്റെ സൗഹൃദക്കാഴ്ചകളും ട്രാക്കിൽ കാണാമായിരുന്നു. മത്സരങ്ങൾ പുരോഗമിക്കുമ്പോൾ 114 പോയിന്റോടെ മലപ്പുറം ജില്ലയാണ് ഓവറോൾ ചാമ്പ്യൻഷിപ്പിൽ നിലവിൽ മുന്നിൽ നിൽക്കുന്നത്. 100.5 പോയിന്റുമായി പാലക്കാട് രണ്ടാമതും, 68 പോയിന്റോടെ ആലപ്പുഴയും 59 പോയിന്റുമായി തിരുവനന്തപുരവും വാശിയോടെ പിന്നിലുണ്ട്. 37 പോയിന്റുമായി ആതിഥേയരായ കോഴിക്കോട് ജില്ലയും മികച്ച പ്രകടനവുമായി മുന്നേറുന്നു.

സ്കൂൾ തലത്തിലുള്ള പോരാട്ടത്തിൽ 35 പോയിന്റോടെ മലപ്പുറം കടകശേരി ഐഡിയൽ ഇ.എച്ച്.എസ്.എസ് ഒന്നാം സ്ഥാനത്ത് നിൽക്കുമ്പോൾ, വി.എം.എച്ച്.എസ്.എസ് വടവന്നൂരും കെ.എച്ച്.എം.എച്ച്.എസ് അലത്തിയൂരും 21 പോയിന്റുകളോടെ അടുത്ത സ്ഥാനങ്ങളിൽ കനത്ത മത്സരമുയർത്തുന്നുണ്ട്.

പ്രധാന വേദിയായ എൻ.ഐ.ടിക്ക് പുറമെ കോഴിക്കോടിന്റെ വിവിധ കോണുകളിലുള്ള ഒൻപത് വേദികളിലും സമാനമായ ആവേശമാണ് അലയടിച്ചത്. കൊടിയത്തൂരിലെ സോഫ്റ്റ്ബോൾ, ബേസ്ബോൾ കോർട്ടുകൾ മുതൽ പെരുവയലിലെ നെറ്റ്ബോൾ കോർട്ടിലും കുന്ദമംഗലത്തെ വടംവലി കളത്തിലും ദേവഗിരിയിലെ ബാഡ്മിന്റൺ കോർട്ടിലും കൊച്ചുകൂട്ടുകാർ തങ്ങളുടെ സർവ്വകരുത്തും പുറത്തെടുത്തു. ചാത്തമംഗലത്തെ യോഗയും സിൽവർ ഹിൽസിലെയും പ്രസന്റേഷനിലെയും ബാസ്കറ്റ് ബോൾ മത്സരങ്ങളും കാണികൾക്ക് മറക്കാനാവാത്ത കായിക വിരൊന്നൊരുക്കി.

ജിൽഷയുടെ സുവർണ നേട്ടം: അഭിമാനത്തോടെ നാട്



രാജപുരം സ്കൂൾ കായികമേളയിൽ സ്വർണംനേടിയ ജിൽഷ ജിനിൽ നാടിന്റെ അഭിമാനം. കോഴിക്കോട് നടക്കുന്ന കായികമേളയിൽ ജൂനിയർ പെൺകുട്ടികളുടെ 100 മീറ്റർ ഓട്ടത്തിൽ പാണത്തൂർ സ്വദേശി ജിൽഷ 12.29 സെക്കൻഡിൽ മികച്ച പ്രകടനത്തോടെയാണ് ഒന്നാമതെത്തിയത്. തിരുവനന്തപുരം ജി വി രാജ സ്പോർട്സ് സ്കൂളിലെ പ്ലസ് വൺ വിദ്യാർഥിനിയാണ്. സിപിഐ എം വട്ടക്കയം ബ്രാഞ്ച് സെക്രട്ടറിയും ചുമട്ടു തൊഴിലാളി യൂണിയൻ (സിഐടിയു) ഡിവിഷൻ സെക്രട്ടറിയുമായ പാണത്തൂർ വട്ടക്കയത്തെ ജിനിൽ മാത്യുവിന്റെയും വി ജെ ജോമിയുടെയും മകളാണ്. 2023 മുതൽ ദേശീയ, സൗത്ത് സോൺ, സംസ്ഥാന അത്‌ലറ്റിക് മീറ്റുകളിലായി നിരവധി സ്വർണം ഉൾപ്പെടെ നിരവധി മെഡലും മീറ്റ് റെക്കോർഡും ജിൽഷ സ്വന്തമാക്കി. ഭുവനേശ്വറിൽ നടന്ന ദേശീയ ജൂനിയർ അത്‌ലറ്റിക്സിൽ സ്വർണം നേടി. കഠിനാധ്വാനവും സ്ഥിരപരിശ്രമവും ആത്മവിശ്വാസവുമാണ് ജിൽഷയുടെ നേട്ടത്തിന് പിന്നിലെന്ന് കുടുംബാംഗങ്ങൾ പറയുന്നു. സ്കൂൾ കായിക അധ്യാപകന്റെയും പരിശീലകന്റെയും മികച്ച പിന്തുണയും ഈ നേട്ടത്തിന് പിന്നിലുണ്ട്. കഠിനാധ്വാനവും കുടുംബത്തിന്റെയും അധ്യാപകരുടെയും പിന്തുണയുമാണ് തന്റെ വിജയത്തിന് പിന്നിലെന്നും കായികരംഗത്ത് കൂടുതൽ ഉയരങ്ങൾ കീഴടക്കുകയാണ് ലക്ഷ്യമെന്നും ഈ നേട്ടം നാടിനും വിദ്യാലയത്തിനുമായി സമർപ്പിക്കുന്നതായും ജിൽഷ പറഞ്ഞു. ജിൽനാ ജിനിൽ, ജിൽജൊ ജിനിൽ എന്നിവരാണ് ജിൽഷയുടെ സഹോദരങ്ങൾ.

68ാമത്സംസ്ഥാന സ്കൂൾ കായികമേള

ട്രാക്കിലെ മുന്നേറ്റങ്ങൾക്ക് ഊർജ്ജമേകി ആറ് വേറിട്ട ശബ്ദങ്ങൾ

68–ാമത് സംസ്ഥാന സ്കൂൾ കായികമേളയിൽ ശബ്ദം കൊണ്ട് ആവേശം തീർക്കുകയാണ് നാരായണൻ നമ്പൂതിരിയും സംഘവും. പതിറ്റാണ്ടുകളുടെ പരിചയസമ്പത്തുള്ള ഇവരാണ് മത്സരരംഗത്തെ ഓരോ ചലനവും കാണികളിലേക്കെത്തിക്കുന്നത്. ശബ്ദവിവരണങ്ങൾക്കൊണ്ട് കായിക താരങ്ങൾക്ക് ഊർജ്ജവും ആത്മവിശ്വാസവും പകരുന്നതിനൊപ്പം കാണികളിലും ആവേശത്തിരയിളക്കുകയാണ് ദേശീയ, അന്തർദേശീയ തലങ്ങളിൽ ശ്രദ്ധേയരായ ഈ അനൗൺസർമാർ.

കോമൺവെൽത്ത്, സാഫ് ഗെയിംസുകളിൽ സാന്നിധ്യമറിയിച്ച തൃശൂർ സ്വദേശിയും മുൻ കായികാധ്യാപകനുമായ നാരായണൻ നമ്പൂതിരി 37 വർഷമായി സ്കൂൾ കായികമേളകളിൽ അനൗൺസറായി പ്രവർത്തിച്ചുവരികയാണ്. അത്‌ലറ്റിക് ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ ഔദ്യോഗിക അനൗൺസർമാരായ തിരുവനന്തപുരം സ്വദേശികളായ ശ്രീകുമാരൻ എം. നായരും ഡോ. അഭിലാഷ് ശിവരാമനുമാണ് സംഘത്തിലുള്ള മറ്റുരണ്ടുപേർ. ശ്രീകുമാരൻ നായർ രണ്ട് പതിറ്റാണ്ടിലേറെയായി കായികമേളകളിൽ ശബ്ദസാന്നിധ്യമാണ്. ഡോ. അഭിലാഷിന് ഒരു പതിറ്റാണ്ടിന്റെ പരിചയസമ്പത്തുണ്ട്.

മുൻ കായികാധ്യാപികയായ ആലപ്പുഴ സ്വദേശി ഗ്രിസിൽഡ സേവ്യറും രണ്ട് പതിറ്റാണ്ടിലേറെയായി ഈ രംഗത്ത് സജീവമാണ്. ആകാശവാണി അനൗൺസറും കായികാധ്യാപകനുമായ കൊല്ലം സ്വദേശി ബി. ജയകുമാർ, എ.എഫ്. ഐ.സ്റ്റേഡിയം അനൗൺസറും കായികാധ്യാപകനുമായ മലപ്പുറം സ്വദേശി ഡോ. ശുക്കൂർ ഇല്ലത്ത് എന്നിവരും ടീമിന്റെ ഭാഗമാണ്. മത്സരങ്ങൾ നിർണ്ണായക ഘട്ടത്തിലേക്ക് കടക്കുമ്പോൾ, കാണികളുടെയും താരങ്ങളുടെയും ഹൃദയമിടിപ്പിനൊപ്പം താളമിട്ട് മൈതാനത്ത് ആവേശമായി പടരുകയാണ് ഈ ശബ്ദങ്ങൾ.



സംസ്ഥാന സ്കൂൾ കായിക മേളയുടെ വേദിയായ പി.ടി.എം.എച്ച്.എസ് എസിൽ നടന്ന സീനിയർ വിഭാഗം പെൺകുട്ടികളുടെ കരാട്ടെ മത്സരത്തിൽ നിന്ന്



മീറ്റ് റെക്കോഡിട്ട് അതുൽ, സ്പോൺസർ സഞ്ജു സാംസൺ

കോഴിക്കോട്: സംസ്ഥാന കായികമേളയിൽ മീറ്റ് റെക്കോഡുകൾ തിരുത്തി മുന്നേറുകയാണ് മാരാരിക്കുളം സ്വദേശിയായ ടി.എം. അതുൽ. ഇന്ത്യൻ ക്രിക്കറ്റ് താരം സാക്ഷാൽ സഞ്ജു സാംസണാണ് അതുലിനെ സ്പോൺസർ ചെയ്യുന്നത്. 100 മീറ്റർ മത്സരത്തിൽ 10.63 സെക്കൻഡ് എന്ന മീറ്റ് റെക്കോഡും 200 മീറ്റർ മത്സരത്തിൽ 21.87 സെക്കൻഡിൻറെ മീറ്റ് റെക്കോഡുമാണ് അതുൽ ഇത്തവണ കുറിച്ചിരിക്കുന്നത്.

വിജയത്തിനു തൊട്ടു പിന്നാലെ സഞ്ജു ഫോണിൽ വിളിച്ച് അതുലിനെ അഭിനന്ദനങ്ങൾ അറിയിച്ചു. ചേർത്തല ചാരമംഗലം ഡിവിഎച്ച്എസ്എസ് വിദ്യാർഥിയാണ് അതുൽ. മത്സ്യതൊഴിലാളിയായ മാർട്ടിനാണ് പിതാവ്. സാം ജിയാണ് പരിശീലകൻ.

കഴിഞ്ഞ വർഷം തിരുവനന്തപുരത്തു വച്ചു നടന്ന കായികമേളയിൽ അതുൽ റെക്കോഡോടു കൂടി വിജയിച്ചതിനു പിന്നാലെയാണ് സഞ്ജു സാംസൺ ഫൗണ്ടേഷൻ അതുലിൻറെ സ്പോൺസർഷിപ്പ് ഏറ്റെടുത്തത്.

അതുലിനുള്ള താമസം, ഭക്ഷണം, പരിശീലനച്ചെലവ്, സ്പൈക്സ്, ജഴ്സി തുടങ്ങിയ എല്ലാ ചെലവുകളും ഫൗണ്ടേഷൻ വഹിക്കുന്നു. കായികമേഖലയിൽ തിളങ്ങുന്ന കുട്ടികൾക്ക് പിന്തുണ നൽകുന്നതിൻറെ ഭാഗമാണ് സ്പോൺസർഷിപ്പ്. ഗോവയിൽ നടന്ന വേൾഡ് സ്കൂൾ കായിക മേളയ്ക്കു പോകാനുള്ള ചെലവുകളും ഫൗണ്ടേഷൻ വഹിച്ചിരുന്നു.



കരുത്തേകി പഴയിടത്തിന്റെ മേൽനോട്ടത്തിലെ ഭക്ഷണവിരുന്ന്

സംസ്ഥാന സ്കൂൾ കായികമേള അഞ്ചാം ദിനത്തിലേക്ക് കടക്കുമ്പോഴും മാറ്റുരയ്ക്കുന്ന വരുംകാല കായികതാരങ്ങൾക്ക് അതേ ഊർജ്ജവും ഉന്മേഷവും പകർന്ന് മേളയിലെ പ്രത്യേക പോഷകാഹാര വിരുന്ന്. മേളയുടെ ആദ്യദിനം മുതൽ ഒരു തടസ്സവുമില്ലാതെ, ഗുണനിലവാരത്തിലും ശുചിത്വത്തിലും ഒട്ടും വിട്ടുവീഴ്ച ചെയ്യാതെയാണ് ഭക്ഷണവിതരണം മുന്നേറുന്നത്. കലാ, കായികമേളകളിൽ വർഷങ്ങളുടെ പരിചയസമ്പത്തുള്ള പാചകവിദഗ്ദ്ധൻ പഴയിടം മോഹനൻ നമ്പൂതിരിയുടെ നേതൃത്വത്തിലാണ് ആയിരക്കണക്കിന് കായികപ്രതിഭകൾക്കും സംഘാടകർക്കും മേളയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്കും ദിവസവും രുചികരവും ആരോഗ്യദായകവുമായ ഭക്ഷണം ഒരുങ്ങുന്നത്.

കലാമേളകളിൽ നിന്ന് വ്യത്യസ്തമായി, കായിക താരങ്ങളുടെ ശരീരത്തിന് ആവശ്യമായ കലോറിയും പ്രോട്ടീനും കൃത്യ അളവിൽ ഉറപ്പുവരുത്തുന്ന സർക്കാരിന്റെ പ്രത്യേക മെനുവാണ് ഇക്കഴിഞ്ഞ അഞ്ച് ദിവസങ്ങളിലും വിളമ്പിയത്. പാൽ, മുട്ട, ചിക്കൻ, ബീഫ് തുടങ്ങിയ പോഷകസമ്പുഷ്ടമായ ഭക്ഷണപദാർത്ഥങ്ങൾ ഉൾപ്പെടുത്തിയുള്ള മെനുവാണ് താരങ്ങൾക്ക് സമയാസമയങ്ങളിൽ വിളമ്പുന്നത്. പ്രതിദിനം 8,000 മുതൽ 10,000 വരെ ആളുകളാണ് വിവിധ വേദികളിലായി ഭക്ഷണം കഴിക്കുന്നത്. ഇതിനായി നൂറോളം വരുന്ന വിദഗ്ദ്ധ ജീവനക്കാരാണ് രാത്രിയെന്നോ പകലെന്നോ വ്യത്യാസമില്ലാതെ 24 മണിക്കൂറും പാചകപ്പുരയിൽ സജീവമായി പ്രവർത്തിക്കുന്നത്. 2001–ൽ എറണാകുളത്ത് നടന്ന കായികമേള മുതൽ തുടർച്ചയായി മേളകളിൽ സ്വാദിന്റെ വിസ്മയം തീർക്കുന്ന പഴയിടം, കൃത്യമായ മാനേജ്മെന്റിലൂടെയാണ് കഴിഞ്ഞ നാല് ദിവസങ്ങളായി ആയിരങ്ങളുടെ മനസ്സും വയറും നിറയ്ക്കുന്നത്.

പത്ത് വേദികളിലായി നടക്കുന്ന മത്സരങ്ങൾക്കായി രണ്ടിടങ്ങളിലാണ് പ്രധാനമായും പാചകപ്പുരകൾ പ്രവർത്തിക്കുന്നത്. ഇവിടെ നിന്ന് തയ്യാറാക്കുന്ന ഭക്ഷണമാണ് മറ്റ് വേദികളിലേക്ക് കൃത്യസമയത്ത് എത്തിച്ചുനൽകുന്നത്. മേളയുടെ ആദ്യ ദിനം മുതൽ തന്നെ ഭക്ഷണത്തിന്റെ ഗുണനിലവാരത്തോടൊപ്പം തന്നെ പരിപൂർണ്ണമായ ശുചിത്വത്തിനും വൻ പ്രാധാന്യമാണ് സർക്കാരും ഭക്ഷണക്കമ്മിറ്റിയും നൽകുന്നത്. പാചകപ്പുരയും കലവറയും പൂർണ്ണമായും വൃത്തിയായും സൂക്ഷിക്കുന്നതിൽ സംഘാടകർ തുടക്കം മുതൽ അതീവ ജാഗ്രത പുലർത്തുന്നുണ്ട്. ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, അധ്യാപകർ, ഭക്ഷണക്കമ്മിറ്റി അംഗങ്ങൾ എന്നിവർക്കൊപ്പം നാട്ടുകാരും പൂർണ്ണ പിന്തുണയുമായി മുന്നിട്ടിറങ്ങിയതോടെ കായികമേളയിലെ ഭക്ഷണവിതരണം വൻ വിജയകരമായി നാലാം ദിനവും പിന്നിടുകയാണ്.



പഴയിടം മോഹനൻ നമ്പൂതിരി പാചകപ്പുരയിൽ

സ്ട്രോക്ക് ചികിത്സയിൽ വീണ്ടും പുരസ്കാരത്തിളക്കത്തിൽ ആസ്റ്റർ മിംസ്

കോഴിക്കോട്: സ്ട്രോക്ക് പരിചരണ രംഗത്ത് കൈവരിച്ച ചികിത്സാ മികവിനും ആഗോള നിലവാരമുള്ള രോഗീ പരിചരണത്തിനും കോഴിക്കോട് ആസ്റ്റർ മിംസിന് ഇന്റഗ്രേറ്റഡ് ഹെൽത്ത് & വെൽബീയിങ് (ഐ.എച്ച്.ഡബ്ല്യു) കൗൺസിലിന്റെ എക്സല്ലൻസ് സ്പെഷ്യൽറ്റി ഇൻ സ്ട്രോക് കെയർ അവാർഡ് ലഭിച്ചു.

സ്ട്രോക്ക് ചികിത്സാരംഗത്ത് സമഗ്രവും കൃത്യതയാർന്നതുമായ പരിചരണം ഉറപ്പാക്കുന്നതിൽ ആശുപത്രി നൽകിയ സംഭാവനകൾ പരിഗണിച്ചാണ് ഈ പുരസ്കാരം ലഭിച്ചത്. അമേരിക്കൻ ഹാർട്ട് അസോസിയേഷന്റെ കോംപ്രിഹെൻസീവ് സ്ട്രോക്ക് സെന്റർ എന്ന ആഗോള അക്രഡിറ്റേഷൻ നേടുന്ന ഇന്ത്യയിലെ ആദ്യത്തെ ആശുപത്രി എന്ന ചരിത്ര നേട്ടത്തിന് ശേഷം കോഴിക്കോട് ആസ്റ്റർ മിംസിനെ തേടിയെത്തുന്ന ദേശീയ അംഗീകാരമാണിത്.അത്യാധുനിക ചികിത്സാ സൗകര്യങ്ങൾ, 24 മണിക്കൂറും സജ്ജമായ മെഡിക്കൽ സംഘം, രക്തക്കട്ടകൾ നീക്കം ചെയ്യുന്ന മെക്കാനിക്കൽ ത്രോംബെക്ടമി തുടങ്ങിയ അത്യാധുനിക ചികിത്സാരീതികൾ, എന്നിവയിലൂടെ രോഗികൾക്കായി മികച്ച ജീവൻരക്ഷാ പരിചരണം ആശുപത്രി ഉറപ്പാക്കുന്നുണ്ട്.



ഹെൽത്ത് & വെൽബീയിങ് (ഐ.എച്ച്.ഡബ്ല്യു) കൗൺസിലിന്റെ എക്സല്ലൻസ് സ്പെഷ്യൽറ്റി ഇൻ സ്ട്രോക് കെയർ അവാർഡ് ആസ്റ്റർ ഡിഎം ക്വാളിറ്റി കെയർ ഇന്ത്യ ക്ലസ്റ്റർ 1 സിഇഒ രമേശ് കുമാറിൽ നിന്നും കോഴിക്കോട് ആസ്റ്റർ മിംസ് പ്രതിനിധികൾ ഏറ്റുവാങ്ങുന്നു.

സ്ട്രോക്ക് ബാധിച്ച് ആശുപത്രിയിലെത്തുന്ന രോഗിക്ക് ആദ്യ നിമിഷങ്ങളിൽ നൽകുന്ന കൃത്യമായ ചികിത്സയാണ് അവരുടെ ജീവനും തുടർജീവിതത്തിന്റെ ഗുണനിലവാരവും നിർണയിക്കുന്നത്. രോഗീപരിചരണത്തിന് ആശുപത്രിയിൽ 24മണിക്കൂറും ന്യൂറോളജി, ന്യൂറോ സർജറി, ന്യൂറോ ഇന്റർവെൻഷൻ, എമർജൻസി മെഡിസിൻ, ക്രിട്ടിക്കൽ കെയർ, റീഹാബിലിറ്റേഷൻ എന്നീ വിഭാഗങ്ങളിലെ ഡോക്ടർമാരുടെ സേവനം ലഭ്യമാണെന്നും ഈ വിഭാഗങ്ങളുടെ ഏകോപിതമായ പ്രവർത്തനത്തിലൂടെയാണ് ഇത്തരം നേട്ടത്തിന് ആശുപത്രിയെ അർഹമാക്കിയതെന്നും ആസ്റ്റർ മിംസ് ന്യൂറോളജി വിഭാഗം മേധാവി ഡോ.അഷ്റഫ്.വി വി പറഞ്ഞു.വൈദ്യശാസ്ത്ര രംഗത്തെ അന്താരാഷ്ട്ര നിലവാരത്തിലുള്ള സമഗ്ര പരിചരണം സാധാരണക്കാർക്കും പ്രാപ്യമാക്കുക എന്നതാണ് ആശുപത്രിയുടെ പ്രധാന ലക്ഷ്യമെന്ന് ആസ്റ്റർ ഡിഎം ക്വാളിറ്റി കെയർ ഇന്ത്യ ക്ലസ്റ്റർ 1 സിഇഒ രമേശ് കുമാർ എസ് വ്യക്തമാക്കി. കാൽ നൂറ്റാണ്ടുകാലത്തെ മികവുറ്റ സേവന പാരമ്പര്യം മുൻനിർത്തി, അത്യാധുനിക സാങ്കേതികവിദ്യകളും രോഗീ കേന്ദ്രീകൃത ചികിത്സാ സൗകര്യങ്ങളും നൽകുന്നതിൽ ആശുപത്രി പ്രതിജ്ഞാബദ്ധമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ചടങ്ങിൽ സിഒഒ ഡോ.ഗോപിനാഥ് മാമ്പള്ളികളം, സിഎംഎസ് . ഡോ. എബ്രഹാം മാമൻ, ഡെപ്യൂട്ടി സിഎംഎസ് ഡോ. നൗഫൽ ബഷീർ, സിഎച്ച്ആർഒ ആസ്റ്റർ ഡിഎം ക്വാളിറ്റി കെയർ ഇന്ത്യ ക്ലസ്റ്റർ 1 ബ്രിജു മോഹൻ, ഡോ.അബ്ദുറഹിമാൻ, ഡോ.മുഹമ്മദ് റഫീഖ് പികെ , സ്ട്രോക്ക് വിഭാഗം നഴ്സ് ബബിത തുടങ്ങിയവർ പങ്കെടുത്തു.

ബിഎൽഎം ചെയർമാൻ പ്രേംകുമാർ അറസ്റ്റിൽ



തിരുവനന്തപുരം: നിക്ഷേപകരുടെ പണം വകമാറ്റി സ്വകാര്യ ആവശ്യത്തിന് ഉപയോഗിച്ചെന്ന കേസിൽ ബിഎൽഎം ഹൗസിങ് കോ ഓപ്പറേറ്റീവ് സൊസൈറ്റി ചെയർമാൻ ആർ. പ്രേംകുമാർ അറസ്റ്റിൽ. കോഴിക്കോട് നിന്നുള്ള ക്രൈംബ്രാഞ്ച് സംഘമാണ് ചെന്നൈയിൽ നിന്ന് പ്രേംകുമാറിനെ അറസ്റ്റ് ചെയ്തത്.

ബിഎൽഎം ഹൗസിങ് കോഓപ്പറേറ്റീവ് സൊസൈറ്റിയുടെ പേരിൽ പിരിച്ച പണം സ്വകാര്യ ആവശ്യങ്ങൾക്കായി ഉപയോഗിക്കുകയും നിക്ഷേപിക്കുകയും ചെയ്തു എന്നതാണ് പ്രധാന ആരോപണം. ഏകദേശം 5000 കോടി രൂപയുടെ ഫണ്ടാണ് ഇത്തരത്തിൽ കൈകാര്യം ചെയ്തത്. നിരന്തരമായ പരാതികൾ ഉയർന്നതിനെത്തുടർന്ന് ക്രൈംബ്രാഞ്ചിന്റെ സാമ്പത്തിക കുറ്റാന്വേഷണ വിഭാഗം അന്വേഷണം നടത്തുകയായിരുന്നു.

ചെന്നൈയിൽ അറസ്റ്റിലായ പ്രേംകുമാറിനെ കോഴിക്കോട്ടേക്ക് കൊണ്ടുവരാനുള്ള നീക്കത്തിനിടെ ശാരീരിക അസ്വസ്ഥത അനുഭവപ്പെട്ടതോടെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. ആരോഗ്യനില മെച്ചപ്പെട്ട ശേഷം കോഴിക്കോട്ടേക്ക് എത്തിച്ച് വിശദമായി ചോദ്യം ചെയ്യും.

പ്രേംകുമാറിനെതിരെ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ പരാതികൾ ഉയർന്നിട്ടുണ്ട്. ക്രൈംബ്രാഞ്ച് കോഴിക്കോട് യൂണിറ്റാണ് അന്വേഷണം നയിക്കുന്നത്. നിക്ഷേപകർക്ക് പണം തിരികെ നൽകാമെന്ന് പ്രേം കുമാർ വാഗ്ദാനം നൽകിയിരുന്നുവെങ്കിലും നിയമവിരുദ്ധമായ പ്രവർത്തനങ്ങൾ നടത്തിയതിനാലാണ് അറസ്റ്റ് നടപടികളിലേക്ക് കടന്നത്.

കേസിൽ അറസ്റ്റ് തടയണമെന്ന് ആവശ്യപ്പെട്ട് പ്രേംകുമാർ ഹൈക്കോടതിയെ സമീപിച്ചിരുന്നു. ഈ ഹരജി അടുത്ത മാസം 29ന് ഹൈക്കോടതി പരിഗണിക്കാനിരിക്കെയാണ് അറസ്റ്റ്.



വയനാട് ബദൽ റോഡ്: കർമസമിതി മന്ത്രിമാരുമായി കൂടിക്കാഴ്ച നടത്തി

പേരാമ്പ്ര : പൂഴിത്തോട് -പടിഞ്ഞാറത്തറ വയനാട് ബദൽ റോഡിൽ ജനകീയ കർമസമിതി ഭാരവാഹികൾ തിരുവനന്തപുരത്ത് വിവിധ മന്ത്രിമാരുമായി കൂടിക്കാഴ്ച നടത്തി. കൃഷിമന്ത്രി ടി. സിദ്ദിഖ്, പൊതുമരാമത്ത് വകുപ്പ് മന്ത്രി പി.കെ. ബഷീർ, വനംമന്ത്രി ഷിബു ബേബി ജോൺ എന്നിവരെയാണ് കണ്ടത്.

വയനാട്ടിലേക്ക് ഒരു പാത കൂടി പരിഗണനയിൽ ഉണ്ടെന്നും നവംബർ പത്തിന് വിവിധ വകുപ്പുമന്ത്രിമാരുടെ നേതൃത്വത്തിൽ ഉന്നത തലയോഗം വിളിച്ചുചേർത്ത് കാര്യങ്ങൾ ഏകോപിപ്പിക്കുമെന്നും മന്ത്രിമാർ ഉറപ്പുനൽകിയതായി നേതാക്കൾ പറഞ്ഞു.

റോഡിനുവേണ്ടി ജനകീയ കർമസമിതി നടത്തുന്ന റിലേ സമരം നാലുവർഷം പൂർത്തിയാകുന്നതിനിടയാണ് മന്ത്രി ടി. സിദ്ദിഖ് മുൻകൈയെടുത്ത് തിരുവനന്തപുരത്ത് മന്ത്രിമാരെ കാണാൻ അവസരമൊരുക്കിയത്. കഴിഞ്ഞ 32 വർഷമായി വിവിധ വകുപ്പുകളുടെ റിപ്പോർട്ടിൽ പാളിച്ചകൾ ഉണ്ടായിട്ടുണ്ടെന്ന് കർമസമിതി ഭാരവാഹികൾ മന്ത്രിമാർക്കു മുന്നിൽ അവതരിപ്പിച്ചു.

വയനാട് കർമസമിതി കോഡിനേറ്റർ കമൽ ജോസഫ്, ചെമ്പനോടയിലെ കർമസമിതി കൺവീനർ മാത്യു പേഴത്തിങ്കൽ, സാജൻ തുണ്ടിയിൽ, സി.കെ. ആലിക്കുട്ടി, യു.സി. ഹുസൈൻ എന്നിവർ ചർച്ചകളിൽ പങ്കാളികളായി.



ലോക പക്ഷാഘാത ദിനത്തിന്റെ ജില്ലാ തല ഉദ്ഘാടനം കുന്നമംഗലം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സി കെ ഫസീല ചെറുവാടി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ വച്ച് നിർവഹിക്കുന്നു

ലോക പക്ഷാഘാത ദിനം; ജില്ലാതല ഉദ്ഘാടനവും ബോധവൽക്കരണ ക്ലാസും സംഘടിപ്പിച്ചു

ലോക പക്ഷാഘാത ദിനാചരണത്തിന്റെ ജില്ലാതല ഉദ്ഘാടനവും ആരോഗ്യ പ്രവർത്തകർക്കായി ബോധവൽക്കരണ ക്ലാസും സംഘടിപ്പിച്ചു. കുന്നമംഗലം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് സി. കെ. ഫസീല ചെറുവാടി സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ വച്ച് പരിപാടിയുടെ ജില്ലാതല ഉദ്ഘാടനം നിർവഹിച്ചു.

കുന്നമംഗലം ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡണ്ട് വിനോദ് പടനിലം അധ്യക്ഷനായി. അഡീഷണൽ ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. കെ. പി. രാജേഷ് മുഖ്യപ്രഭാഷണം നടത്തി. കൊടിയത്തൂർ കുടുംബാരോഗ്യ കേന്ദ്രം അസിസ്റ്റൻറ് സർജൻ ഡോ. സീതു പൊന്നു തമ്പി ബോധവൽക്കരണ ക്ലാസ്സെടുത്തു.

ചടങ്ങിൽ കുന്നമംഗലം ബ്ലോക്ക് പഞ്ചായത്ത് ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ബബിത, ബ്ലോക്ക് വാർഡ് മെമ്പർ മജീദ് മൂലത്തിൽ, കൊടിയത്തൂർ വാർഡ് മെമ്പർ കെ. വി. നിയാസ്, ജില്ലാ എഡ്യൂക്കേഷൻ & മീഡിയ ഓഫീസർ ഡോ. എൽ. ഭവില, തുടങ്ങിയവർ സംസാരിച്ചു.

എല്ലാ വർഷവും ലോകാരോഗ്യ സംഘടന ഒക്ടോബർ 29 ന് ലോക പക്ഷാഘാത ദിനമായി ആചരിക്കുന്നു. സ്ട്രോക്കിന്റെ ലക്ഷണങ്ങൾ നേരത്തേ തിരിച്ചറിയുക, കാലതാമസമില്ലാതെ ചികിത്സ നടത്തുക, വേഗത്തിൽ പ്രവർത്തിക്കുക, ജീവൻ രക്ഷിക്കുക, സ്ട്രോക്ക് പ്രതിരോധത്തെക്കുറിച്ച് അറിയുക, സ്ട്രോക്ക് അടിയന്തിര സാഹചര്യം കൈകാര്യം ചെയ്യാനുള്ള നിർദേശങ്ങൾ നൽകുക, സ്ട്രോക്കിൽ നിന്ന് മുക്തി നേടിയവർക്കും വൈകല്യം ഉള്ളവർക്കും മികച്ച പരിചരണവും പിന്തുണയും ഉറപ്പുവരുത്തുക, സ്ട്രോക്കിന്റെ ചികിത്സാരീതിയുടെ പ്രാധാന്യം പൊതുജനങ്ങളിൽ വളർത്തുക, സ്ട്രോക്കിന്റെ ഉയർന്ന നിരക്കും ഗുരുതരമായ സ്വഭാവവും പൊതുജനങ്ങളിൽ എത്തിക്കുക എന്നിവയാണ് ദിനാചരണത്തിന്റെ ലക്ഷ്യം.

മുഖം ഒരു വശത്തേക്ക് കോടുക, കൈകാലുകളിൽ പെട്ടെന്ന് ബലക്കുറവോ മരവിപ്പോ അനുഭവപ്പെടുക, സംസാരിക്കാൻ ബുദ്ധിമുട്ട്, സംസാരിക്കുന്നത് മനസ്സിലാക്കാൻ കഴിയാതിരിക്കുക, പെട്ടെന്ന് കാഴ്ചക്കുറവ്, ബാലൻസ് നഷ്ടപ്പെടുക തുടങ്ങിയ ലക്ഷണങ്ങൾ പക്ഷാഘാതത്തിന്റെ സൂചനകളാകാം. ഇത്തരം ലക്ഷണങ്ങൾ കണ്ടാൽ അവ മാറുന്നതുവരെ കാത്തിരിക്കുകയോ വീട്ടിൽ ചികിത്സിക്കാൻ ശ്രമിക്കുകയോ ചെയ്യാതെ അടിയന്തര വൈദ്യസഹായം തേടണം.

ഏഴിമലയിൽ യൂറോപ്യൻ റോളറുകളെ കണ്ടെത്തി: നിർണ്ണായക നിരീക്ഷണവുമായി ഒന്നാം ക്ലാസുകാരൻ

കണ്ണൂർ: ദക്ഷിണേന്ത്യയിൽ അത്യപൂർവ്വമായി മാത്രം വിരുന്നെത്തുന്ന ദേശാടന പക്ഷിയായ യൂറോപ്യൻ റോളറുകളുടെ സാന്നിധ്യം കണ്ണൂർ ഏഴിമലയിൽ കണ്ടെത്തി.

ഏഴിമല നാവിക അക്കാദമിയിലെ ഐഎൻഎസ് സമോറിൻ കേന്ദ്രീയ വിദ്യാലയത്തിലെ ഒന്നാം ക്ലാസ് വിദ്യാർത്ഥിയായ ആരോൺ ഖയാലാണ് ശ്രദ്ധേയമായ ഈ പക്ഷിനിരീക്ഷണം നടത്തിയത്.

സ്കൂൾ പരിസരത്ത് വെച്ച് ആരോൺ ഒരു പക്ഷിയെ ആദ്യം നിരീക്ഷിക്കുകയും തുടർന്ന് നടത്തിയ വിശദമായ പരിശോധനയിൽ ഗ്രൗണ്ട് പരിസരത്തുനിന്ന് മറ്റ് രണ്ട് യൂറോപ്യൻ റോളറുകളെക്കൂടി കണ്ടെത്തുകയുമായിരുന്നു. നാവിക അക്കാദമി ലൈബ്രേറിയനും പക്ഷിനിരീക്ഷകരുമായ മനോജ് കരിങ്ങാമഠത്തിൽ-ജമീല ദമ്പതികളുടെ മകനാണ് ആരോൺ ഖയാൽ.

പരിസ്ഥിതി സംരക്ഷണ രംഗത്ത് പ്രവർത്തിക്കുന്ന 'വോക്ക് വിത്ത് വിസി' കൂട്ടായ്മയുടെ പഠനങ്ങളിലും നിരീക്ഷണങ്ങളിലും ഈ കൊച്ചുമിടുക്കൻ സജീവമായി പങ്കെടുക്കാറുണ്ട്.

യൂറോപ്പിൽനിന്നും മധ്യേഷ്യൻ രാജ്യങ്ങളിൽനിന്നുമാണ് ഇവ ആഫ്രിക്കയിലേക്കും ഇന്ത്യൻ ഉപഭൂഖണ്ഡത്തിലേക്കും ദേശാടനം നടത്തുന്നത്. ഇന്ത്യയിലേക്കുള്ള ദേശാടന പാതയിൽ പ്രധാനമായും വടക്കേ ഇന്ത്യയിലെ വരണ്ട പ്രദേശങ്ങളിലാണ് ഇവ എത്താറുള്ളത്. എന്നാൽ ദക്ഷിണേന്ത്യയിലേക്കും കേരളത്തിലേക്കും ഇവ കടന്നുവരുന്നത് അത്യപൂർവ്വമായ സംഭവമായാണ് പക്ഷിനിരീക്ഷകർ വിലയിരുത്തുന്നത്.

നമ്മുടെ നാട്ടിൽ സാധാരണയായി കാണപ്പെടുന്ന ഇന്ത്യൻ റോളർ പക്ഷികളിൽനിന്ന് കാഴ്ചയിൽ വ്യക്തമായ വ്യത്യാസം യൂറോപ്യൻ റോളറുകൾക്കുണ്ട്.

പച്ചകലർന്ന നീലനിറമാണ് ഇന്ത്യൻ റോളറുകൾക്കെങ്കിൽ, യൂറോപ്യൻ റോളറുകൾക്ക് തിളങ്ങുന്ന ഇളം നീല അഥവാ ആകാശനീല നിറമാണ്. പുറംഭാഗത്തെ ഓറഞ്ച് കലർന്ന തവിട്ടുനിറവും ചിറകുകളുടെ അറ്റത്തുള്ള കറുപ്പും നീലയും കലർന്ന ബോർഡറുകളും ഇവയെ പെട്ടെന്ന് തിരിച്ചറിയാൻ സഹായിക്കുന്നു.

ശൈത്യകാലത്ത് ഭക്ഷണം തേടി കേരളത്തിലെത്താറുണ്ടെങ്കിലും യൂറോപ്യൻ റോളറുകൾ ഇന്ത്യയിൽ കൂടുവെച്ച് പ്രജനനം നടത്തുന്നതായി ഇതുവരെ കണ്ടെത്തിയിട്ടില്ല. 2017-ലും ഏഴിമലയിൽ ഈ പക്ഷിയുടെ സാന്നിധ്യം രേഖപ്പെടുത്തിയിരുന്നു.

ഈ വർഷം മാടായിപ്പാറ, കാട്ടാമ്പള്ളി, പനയാൽ വയൽ, ബേഡകം, പെരിയ (കൊട്ടിയൂർ) തുടങ്ങിയ സംസ്ഥാനത്തെ വിവിധ ആവാസവ്യവസ്ഥകളിലും യൂറോപ്യൻ റോളറുകളെ കണ്ടെത്തിയിട്ടുണ്ട്.

മുൻവർഷങ്ങളെ അപേക്ഷിച്ച് കൂടുതൽ യൂറോപ്യൻ റോളറുകൾ ഇത്തവണ കേരളമുൾപ്പെടെയുള്ള ദക്ഷിണേന്ത്യൻ പ്രദേശങ്ങളിലേക്ക് എത്തിച്ചേർന്നിട്ടുണ്ടെന്നാണ് പക്ഷിനിരീക്ഷകരുടെ വിലയിരുത്തൽ.

സി. ബി. എസ്. ഇ പത്താം ക്ലാസ് പരീക്ഷാ രീതിയിൽ മാറ്റം; 2028 മുതൽ പുതിയ പരിഷ്കാരം

2028ലെ സി.ബി.എസ്.ഇ. പത്താം ക്ലാസ് ബോർഡ് പരീക്ഷ എഴുതുന്ന വിദ്യാർഥികൾക്കായി പുതിയ പരീക്ഷാ രീതി പ്രഖ്യാപിച്ചു. പുതിയ മാറ്റം അനുസരിച്ച് അഞ്ച് നിർബന്ധിത വിഷയങ്ങളും കൂടാതെ ഓപ്ഷണലായി ഒരു സ്കിൽ (നൈപുണ്യ) പേപ്പറും ഉണ്ടായിരിക്കും. മാത്തമാറ്റിക്സ്, സയൻസ്, സോഷ്യൽ സയൻസ് എന്നിവയിൽ ഏതെങ്കിലും വിഷയത്തിൽ പരാജയപ്പെട്ടാൽ, സ്കിൽ പേപ്പറിൽ ലഭിക്കുന്ന മാർക്ക് ഉപയോഗിച്ച് പരീക്ഷ ജയിക്കാൻ വിദ്യാർഥികൾക്ക് സാധിക്കും.രണ്ട് ഭാഷാ വിഷയങ്ങൾ, മാത്തമാറ്റിക്സ്, സയൻസ്, സോഷ്യൽ സയൻസ് എന്നിവയാണ് പ്രധാന ബോർഡ് പരീക്ഷാ വിഷയങ്ങൾ. ഇതിനുപുറമെ, വിദ്യാർഥികൾക്ക് 'കൗശൽ വികാസ്' അല്ലെങ്കിൽ സി.ബി.എസ്.ഇ അംഗീകരിച്ച 22 സ്കിൽ വിഷയങ്ങളിൽ (ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡാറ്റാ സയൻസ്, ഇൻഫർമേഷൻ ടെക്നോളജി, ഹെൽത്ത് കെയർ, ഫിനാൻഷ്യൽ മാർക്കറ്റ് മുതലായവ) ഒന്ന് തിരഞ്ഞെടുക്കാം. സ്കിൽ പേപ്പർ ബോർഡ് പരീക്ഷ എഴുതി വിജയിക്കുന്നവർക്ക് നാഷണൽ സ്കിൽസ് കാളിഫിക്കേഷൻസ് ഫ്രെയിംവർക്ക് സർട്ടിഫിക്കറ്റ് ലഭിക്കും.2026-27 അധ്യയന വർഷത്തിൽ ഒമ്പതാം ക്ലാസിലെത്തുന്ന വിദ്യാർഥികൾക്ക് 'ഇൻഡിവിജ്വൽസ് ഇൻ സൊസൈറ്റി', സി.ടി & എ.ഐ മൊഡ്യൂളുകൾ എന്നിവ പാഠ്യപദ്ധതിയിൽ ഉണ്ടാകില്ല. കൂടാതെ 2027-28 ലെ പത്താം ക്ലാസ് ബാച്ചിന് എൻവയോൺമെന്റൽ എഡ്യൂക്കേഷനും ഒഴിവാക്കിയിട്ടുണ്ട്.2026-27 വർഷത്തിൽ ഒമ്പതാം ക്ലാസിൽ പ്രവേശിക്കുന്ന (2028ൽ പത്താം ക്ലാസ് പരീക്ഷ എഴുതുന്ന) വിദ്യാർഥികൾക്കാണ് മാറ്റങ്ങൾ ബാധകമാകുന്നത്. നിലവിലെ പത്താം ക്ലാസ് ബാച്ചിന് ഇതിൽ മാറ്റങ്ങളൊന്നുമില്ലെന്ന് സി.ബി.എസ്.ഇ അക്കാദമിക് ഡയറക്ടർ പ്രഗ്യ എം. സിങ് അറിയിച്ചു.

മക്കളെ വെള്ളത്തിൽ മുക്കിക്കൊല്ലുമ്പോൾ കാമുകൻ കാവലിരുന്നു; സംശയത്തിൽ മാർട്ടിനും കുടുങ്ങി

പാലക്കാട്: കൊഴിഞ്ഞാമ്പാറയിൽ സഹോദരങ്ങളായ കുട്ടികളെ അമ്മ കുളിമുറിയിലെ വെള്ളത്തൊട്ടിയിൽ മുക്കിക്കൊലപ്പെടുത്തിയ കേസിൽ അമ്മയുടെ ആൺസുഹൃത്ത് അറസ്റ്റിൽ. കാമുകനായ മാർട്ടിൻ ഇഗ്നേഷ്യസ് ആണ് അറസ്റ്റിലായത്. അറസ്റ്റിലായ അമ്മ നിവേദ്യയുമായി നടത്തിയ തെളിവെടുപ്പിന് പിന്നാലെ തോന്നിയ സംശയത്തെത്തുടർന്ന് നടത്തിയ അന്വേഷണത്തിലാണ് ആൺസുഹൃത്തിനെക്കുറിച്ച് സൂചന ലഭിച്ചത്. തുടർന്ന് കസ്റ്റഡിയിൽ എടുത്ത് ചോദ്യം ചെയ്യുകയായിരുന്നു.

അമ്മയുടെ കാമുകന് കൊലപാതകത്തിൽ നേരിട്ട് പങ്കുണ്ട് എന്നാണ് അന്വേഷണ സംഘം കണ്ടെത്തിയിരിക്കുന്നത്. കുട്ടികളേ ഒഴിവാക്കാൻ വേണ്ടിയായിരുന്നു ഇരുവരുടെയും തീരുമാനം. കുട്ടികളെ അമ്മ കൊലപ്പെടുത്തുന്ന സമയത്ത് ഇയാൾ അവിടെ ഉണ്ടായിരുന്നു. കുഞ്ഞുങ്ങളെ കൊല്ലുന്ന സമയത്ത് വീട്ടിലേക്ക് ആരെങ്കിലും വരുന്നുണ്ടോ എന്ന് നിരീക്ഷിക്കാൻ ഇയാൾ വീടിന്റെ മുൻഭാഗത്ത് ഉണ്ടായിരുന്നു.

വടകരപ്പതി പഴണിയാർപാളയം മണൽക്കാട് ജോൺകുമാറിന്റെയും നിവേദ്യയുടെയും മക്കളായ ജെനിഫർ ജൂലിയറ്റ് (അഞ്ച്), റോബിൻ ക്രിസ്റ്റഫർ (മൂന്ന്) എന്നിവരെയാണ് സെപ്റ്റംബർ 29-ന് രാവിലെ പത്തരയോടെ മേനോൻപാറ കൂരാങ്കാട്ടെ വാടകവീട്ടിലെ കുളിമുറിയിലെ വെള്ളത്തൊട്ടിയിൽ മരിച്ചനിലയിൽ കണ്ടെത്തിയത്. പോസ്റ്റ്മോർട്ടം റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുങ്ങിമരണമാണെന്ന നിഗമനത്തിലായിരുന്നു പോലീസ്.

എന്നാൽ, നിവേദ്യയുടെ പെരുമാറ്റത്തിൽ സംശയം തോന്നിയ പോലീസ് നടത്തിയ അന്വേഷണത്തിലാണ് സംഭവം കൊലപാതകമാണെന്ന് വ്യക്തമായത്. നിവേദ്യയുടെ മൊഴിയും ലഭ്യമായ തെളിവുകളും പരിശോധിച്ചാൽ മാത്രമേ മറ്റാർക്കെങ്കിലും കൊലപാതകത്തിൽ പങ്കുണ്ടോയെന്ന് വ്യക്തമാകൂ എന്ന് അന്വേഷണ ഉദ്യോഗസ്ഥനും കൊഴിഞ്ഞാമ്പാറ ഇൻസ്പെക്ടറുമായ എസ്. രജീഷ് നേരത്തെ പറഞ്ഞിരുന്നു.

മോഡലിങ്ങിനും മറ്റും താൽപര്യമുണ്ടായിരുന്നുവെന്നും അതിന് കുഞ്ഞുങ്ങൾ തടസ്സമാകുമെന്നും തോന്നിയതിനാലാണ് കൃത്യം നടത്തിയത് എന്നായിരുന്നു നിവേദ്യ പോലീസിന് നൽകിയ മൊഴി. കഴിഞ്ഞ ദിവസമാണ് നിവേദ്യയെ പോലീസ് കസ്റ്റഡിയിൽ വാങ്ങി തെളിവെടുപ്പ് നടത്തിയത്. ചൊവ്വാഴ്ച ഹൈക്കോടതിയിൽ കസ്റ്റഡി അപേക്ഷ നൽകിയതിന് പിന്നാലെ, ബുധനാഴ്ച രാവിലെയാണ് നിവേദ്യയെ രണ്ടുദിവസത്തേക്ക് പോലീസ് കസ്റ്റഡിയിൽ വിട്ടത്.

സംഭവം നടന്ന വീട്ടിലെത്തിച്ച് നടത്തിയ തെളിവെടുപ്പിനിടെയാണ് കൃത്യം നടത്തുന്നതിന് നിവേദ്യയ്ക്ക് മറ്റൊരാളുടെ സഹായം ലഭിച്ചതായുള്ള സൂചന പോലീസിന് ലഭിച്ചത്. യുവതിക്ക് മറ്റൊരാളുമായി അടുപ്പമുണ്ടായിരുന്നതായി പോലീസിന് നേരത്തെതന്നെ വിവരം ലഭിച്ചിരുന്നു. പിന്നാലെയാണ് ഇയാളെ കേന്ദ്രീകരിച്ചുള്ള അന്വേഷണം പോലീസ് ഊർജിതമാക്കിയത്.



സംസ്ഥാന നിയമവകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച അഖിലകേരള ഭരണഘടനാ പ്രസംഗമത്സരമായ 'വാഗ്മി 2026'-ന്റെ ഉത്തരമേഖലാ മത്സരം കോഴിക്കോട് ഗവ. ലാ കോളേജിൽ അഡീഷണൽ നിയമ സെക്രട്ടറി (ഭരണം) എസ്. സുരേഷ്കുമാർ ഉദ്ഘാടനം ചെയ്തു സംസാരിക്കുന്നു.

നിയമവകുപ്പ് പ്രസംഗമത്സരം സംഘടിപ്പിച്ചു

നിയമവകുപ്പ്, ഭരണഘടനാ ദിനാഘോഷത്തിന്റെ ഭാഗമായി സംസ്ഥാനത്തെ പ്രൊഫഷണൽ കോളജുകൾ ഉൾപ്പെടെയുള്ള കോളജുകളിലെ വിദ്യാർഥികൾക്കായി സംഘടിപ്പിച്ച അഖിലകേരള ഭരണഘടനാ പ്രസംഗമത്സരമായ 'വാഗ്മി 2026' ന്റെ ഉത്തരമേഖല മത്സരങ്ങളുടെ ഉദ്ഘാടനം കോഴിക്കോട് ഗവൺമെന്റ് ലോ കോളജിൽ നിയമവകുപ്പ് അഡീഷണൽ സെക്രട്ടറി (ഭരണം) എസ്. സുരേഷ് കുമാർ നിർവഹിച്ചു. സ്വന്തം അവകാശങ്ങൾക്കൊപ്പം മറ്റുള്ളവരുടെ അവകാശങ്ങൾക്കും പ്രാധാന്യം നൽകുമ്പോഴാണ് ഭരണഘടനയുടെ അന്തഃസത്ത ഉൾക്കൊള്ളാനാകുന്നതെന്ന് എസ്. സുരേഷ് കുമാർ പറഞ്ഞു. ഒരു രാജ്യത്തിന്റെ ഏറ്റവും വലിയ സമ്പത്ത് വിദ്യാർഥി സമൂഹം ഉൾപ്പെടുന്ന യുവജനതയാണ്. ഭരണഘടനയുടെ മൂല്യങ്ങൾ ഉൾക്കൊള്ളാനും സമൂഹത്തിന് പ്രയോജനപ്പെടുന്ന രീതിയിൽ യുവജനങ്ങളെ പ്രാപ്തരാക്കാനുമാണ് നിയമവകുപ്പ് പ്രസംഗമത്സരത്തിലൂടെ ലക്ഷ്യമിടുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കോഴിക്കോട് ലോ കോളജ് പ്രിൻസിപ്പൽ ഇൻചാർജ് പി. കെ. അനീസ് ചടങ്ങിൽ അധ്യക്ഷനായിരുന്നു. നിയമവകുപ്പിലെ ടൈപ്പിസ്റ്റ് മേരി ഭരണഘടനയുടെ ആമുഖം വായിച്ചുകൊണ്ടാണ് പരിപാടിക്ക് തുടക്കമായത് .

മത്സരത്തിൽ ഒന്നാം സ്ഥാനം കോഴിക്കോട് ദേവഗിരി സെൻറ് ജോസഫ് കോളേജിലെ വി. എ. ആൻസി, രണ്ടാം സ്ഥാനം തലശ്ശേരി ഗവൺമെൻറ് ബ്രണ്ണൻ കോളേജ് ഓഫ് ടീച്ചർ എജുക്കേഷനിലെ അമ്പിളി എൻ. കുമാർ, മൂന്നാം സ്ഥാനം മാനന്തവാടി കെ. യു. ടി. ഇ. സി. യിലെ അഞ്ജലി കൃഷ്ണ എന്നിവർ സ്വന്തമാക്കി, സംസ്ഥാന തലത്തിൽ നടക്കുന്ന ഫൈനലിലേക്ക് യോഗ്യത നേടി.

സംസ്ഥാന തല ഫൈനലിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം നേടുന്നവർക്ക് യഥാക്രമം 25,000, 15,000, 10,000 രൂപയും ട്രോഫിയും സാക്ഷ്യപത്രവും സമ്മാനമായി നൽകും. ഫൈനൽ മത്സരം നവംബർ 19 ന് സെക്രട്ടേറിയറ്റിലെ ശ്രുതി ഹാളിൽ നടക്കും. ദക്ഷിണമേഖലാ മത്സരം തിരുവനന്തപുരത്തെ കാര്യവട്ടം ക്യാമ്പസിൽ ഒക്ടോബർ 14ന് പൂർത്തിയായി. മധ്യമേഖലാ മത്സരം നവംബർ ആറിന് എറണാകുളം ലോ കോളജിൽ നടക്കും.

നിയമവകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി സി. കെ. ഫൈസൽ, തിരുവനന്തപുരം ഗവൺമെന്റ് ലോ കോളജിലെ അസിസ്റ്റന്റ് പ്രൊഫസർ എ. കെ. അനന്തകൃഷ്ണൻ, റിട്ട. സ്പെഷ്യൽ സെക്രട്ടറി പി. ബി. രാധിക എന്നിവർ വിധികർത്താക്കളായി. നിയമവകുപ്പ് സെക്ഷൻ ഓഫീസർ എം. എം. ഗായത്രി, ലീഗൽ അസിസ്റ്റന്റ് ബിനു. കെ. പോൾ, ഗവൺമെന്റ് ലോ കോളജ് കോഴിക്കോട് യൂണിയൻ വൈസ് ചെയർമാൻ സ്വാതി ഉണ്ണികൃഷ്ണൻ എന്നിവർ സംസാരിച്ചു.

വിജിലൻസ് ബോധവൽക്കരണ വാരാചരണം: ക്ലാസ് സംഘടിപ്പിച്ചു



കോഴിക്കോട് വിജിലൻസ് അവയർനെസ് വീക്ക് 2026ന്റെ ഭാഗമായി കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന ബോധവൽക്കരണ ക്ലാസ് എൻക്വയറി കമ്മീഷണർ ആൻഡ് സ്പെഷ്യൽ ജഡ്ജ് (വിജിലൻസ്), കോഴിക്കോട്, ഷിബു തോമസ് ഉദ്ഘാടനം ചെയ്യുന്നു.

വിജിലൻസ് ബോധവൽക്കരണ വാരാചരണം 2026ന്റെ ഭാഗമായി ജില്ലയിലെ സർക്കാർ ഓഫീസുകളിലെ ഇന്റേണൽ വിജിലൻസ് ഓഫീസർമാർക്കും വകുപ്പ് മേധാവികൾക്കുമായി ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന പരിപാടി വിജിലൻസ് സ്പെഷ്യൽ ജഡ്ജ് ഷിബു തോമസ് ഉദ്ഘാടനം ചെയ്തു. വിജിലൻസ് ഉത്തരമേഖല എസ്. പി. സുദർശൻ അധ്യക്ഷത വഹിച്ചു.

അഴിമതിരഹിത സമൂഹവും സുതാര്യമായ ഭരണസംവിധാനവും കെട്ടിപ്പടുക്കുന്നതിൽ ഓരോ പൗരനും ഉത്തരവാദിത്തമുണ്ടെന്ന് ഷിബു തോമസ് ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. പൊതുജീവിതത്തിലും ഭരണനിർവഹണത്തിലും സത്യസന്ധതയും സുതാര്യതയും ഉത്തരവാദിത്തബോധവും ഉറപ്പാക്കേണ്ടതിന്റെ പ്രാധാന്യവും അദ്ദേഹം ചൂണ്ടിക്കാട്ടി.തുടർന്ന് 'വിജിലൻസിന്റെ പ്രസക്തി' എന്ന വിഷയത്തിൽ വടകര ഡി. വൈ. എസ്. പി. കെ. കെ. ബിജു ക്ലാസെടുത്തു. അഴിമതി തടയുന്നതിൽ വിജിലൻസ് സംവിധാനത്തിന്റെ പങ്ക്, അഴിമതിക്കെതിരായ ജാഗ്രത, സർക്കാർ ഉദ്യോഗസ്ഥർ പാലിക്കേണ്ട ഉത്തരവാദിത്തങ്ങൾ എന്നിവയെക്കുറിച്ച് ക്ലാസിൽ വിശദീകരിച്ചു.

കോഴിക്കോട് ഡെപ്യൂട്ടി കലക്ടർമാരായ ഷാമിൻ സെബാസ്റ്റ്യൻ, സുബൈർ, വിജിലൻസ് സ്പെഷ്യൽ സെൽ എസ്. പി. ബാലകൃഷ്ണൻ നായർ, വിജിലൻസ് ഡി. വൈ.എസ്.പിമാരായ സജീവ് കുമാർ, എം.പി. രാജേഷ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

അഴിമതിക്കെതിരായ ജാഗ്രത വളർത്തുക, ഭരണസംവിധാനത്തിൽ സുതാര്യതയും ഉത്തരവാദിത്തബോധവും ശക്തിപ്പെടുത്തുക, അഴിമതിരഹിത ഭരണനിർവഹണം ഉറപ്പാക്കുന്നതിൽ ഓരോരുത്തരുടെയും പങ്ക് ബോധ്യപ്പെടുത്തുക എന്നിവയായിരുന്നു പരിപാടിയുടെ ലക്ഷ്യങ്ങൾ. നടക്കുന്നത്.സർദാർ വല്ലഭായ് പട്ടേലിന്റെ ജന്മദിനത്തോടനുബന്ധിച്ച് ഒക്ടോബർ 26 മുതൽ നവംബർ ഒന്നു വരെയാണ് രാജ്യത്ത് വിജിലൻസ് വാരാചരണം സംഘടിപ്പിക്കുന്നത്. 'പ്രോബിറ്റി ടു പ്രോസ്പിരിറ്റി' എന്ന ആശയത്തിലാണ് ഈ വർഷത്തെ വാരാചരണം.

സ്പോർട്സ്

www.peoplesreview/sports.co.in

FOOTBALL CRICKET BASKETBALL VOLLEYBALL



കിവികളെ ബാറ്റിങ്ങിന് വിട്ട് ഇന്ത്യ

ഓക്ക്ലൻഡ്: ന്യൂസിലൻഡിനെതിരെ നാലാം ടി20യിൽ ടോസ് നേടിയ ഇന്ത്യൻ ക്യാപ്റ്റൻ ശ്രേയസ് അയ്യർ ബൗളിങ് തെരഞ്ഞെടുത്തു. രണ്ട് മാറ്റങ്ങളുമായാണ് ഇന്ത്യ ഇന്ന് കളിക്കാനിറങ്ങുന്നത്. പരിക്കിൽ നിന്ന് മോചിതനായ ഇഷാൻ കിഷൻ പ്ലേയിങ് ഇലവനിലേക്ക് തിരിച്ചെത്തി. ഇതോടെ കൗമാര താരം വൈഭവ് സൂര്യവംശി ബെഞ്ചിലേക്ക് മടങ്ങി. പേസർ ഭുവനേശ്വർ കുമാറിനു പകരം മായങ്ക് യാദവും അന്തിമ ഇലവനിൽ കളിക്കും. ന്യൂസിലൻഡ് നിരയിൽ കെയ്ൽ ജേമിസനു പകരം നഥാൻ സ്മിത്ത് കളിക്കും.

പുല്ലുള്ള പിച്ചിൽ നല്ല ബൗൺസും സീം മൂവ്മെന്റും ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി ശ്രേയസ് അയ്യർ പറഞ്ഞു. പരമ്പര നേടിയെങ്കിലും ജോലി ഇതുവരെ പൂർത്തിയായിട്ടില്ലെന്നും ഇന്ത്യൻ ക്യാപ്റ്റൻ വ്യക്തമാക്കി. പവർപ്ലേയിൽ ഇന്ത്യയെ തളയ്ക്കാനാണ് ഏറ്റവും ബുദ്ധിമുട്ടെന്ന് കിവീസ് ക്യാപ്റ്റൻ മിച്ചൽ സാന്റ്നർ പ്രതികരിച്ചു. ഇഷാൻ കിഷൻ തിരിച്ചെത്തുമ്പോൾ തങ്ങൾക്ക് ജോലി കൂടിയെന്നും താരം കൂട്ടിച്ചേർത്തു.

ആദ്യ മൂന്ന് മത്സരങ്ങളും വിജയിച്ച് പരമ്പര ഇതിനകം സ്വന്തമാക്കിയ ഇന്ത്യ, ഈ മത്സരത്തിലും ജയം തുടർന്ന് പരമ്പര തൂത്തുവാരാനാണ് ലക്ഷ്യമിടുന്നത്. അതേസമയം, അഭിമാനപ്രശ്നമായ അവസാന രണ്ട് മത്സരങ്ങളിൽ വിജയം നേടി ആത്മവിശ്വാസം വീണ്ടെടുക്കാനാണ് കിവീസിന്റെ ശ്രമം. ഓക്ക്ലൻഡിലെ ഈഡൻ പാർക്കിലെ ചെറിയ ബൗണ്ടറികൾ വലിയ റണ്ണൊഴുക്കിന് വഴിയൊരുക്കുന്നവയാണ്. ബാറ്റർമാരുടെ മിന്നും പ്രകടനത്തിനാകും ഇന്നും ക്രിക്കറ്റ് പ്രേമികൾ സാക്ഷ്യം വഹിക്കുക.

തകർപ്പൻ ഫോമിലുള്ള ഓപ്പണർ അഭിഷേക് ശർമയുടെ പ്രകടനം തന്നെയാണ് ഇന്ത്യയുടെ പ്രധാന കരുത്ത്. മുൻ മത്സരങ്ങളിലെപ്പോലെ ഇന്നും പവർപ്ലേയിൽ വേഗത്തിൽ റൺസ് കണ്ടെത്താൻ താരം ശ്രമിക്കും. മലയാളി താരം സഞ്ജു സാംസൺ, മധ്യനിരയിൽ ക്യാപ്റ്റൻ ശ്രേയസ് അയ്യർ, തിലക് വർമ, നമൻ ധീർ എന്നിവരും ബാറ്റിങ് നിരയെ ശക്തമാക്കുന്നു. ബൗളിങ്ങിൽ സ്പിന്നർമാരും പേസർമാരും ഒരേപോലെ കിവീസ് ബാറ്റിങ് നിരയെ സമ്മർദത്തിലാക്കാൻ കാത്തിരിക്കുന്നു.

പ്ലേയിങ് ഇലവൻ

ഇന്ത്യ: അഭിഷേക് ശർമ, സഞ്ജു സാംസൺ (വിക്കറ്റ് കീപ്പർ), ഇഷാൻ കിഷൻ, ശ്രേയസ് അയ്യർ (ക്യാപ്റ്റൻ), തിലക് വർമ, നിതീഷ് കുമാർ റെഡ്ഡി, നമൻ ധീർ, അക്സർ പട്ടേൽ, അർഷ്ദീപ് സിങ്, മായങ്ക് യാദവ്, പ്രിൻസ് യാദവ്

ന്യൂസിലൻഡ്: ഫിൻ അലൻ, ടിം സീഫെർട്ട് (വിക്കറ്റ് കീപ്പർ), ഡാരിൽ മിച്ചൽ, ഗ്ലെൻ ഫിലിപ്സ്, ബെവോൺ ജേക്കബ്സ്, മൈക്കൽ ബ്രേസ്വെൽ, മിച്ചൽ സാന്റ്നർ (ക്യാപ്റ്റൻ), നഥാൻ സ്മിത്ത്, 9 ആദം മിൽനെ, 10 ജേക്കബ് ഡഫി, മാറ്റ് ഫിഷർ

15 മിനിറ്റിൽ ഹാട്രിക്ക് അടിച്ച് ക്രിസ്റ്റ്യാനോ റൊണാൾഡോ

റിയാദ്: കരിയറിൽ 1,000 ഗോളുകളെന്ന ചരിത്ര നേട്ടത്തിലേക്കുള്ള ക്രിസ്റ്റ്യാനോ റൊണാൾഡോയുടെ കുതിപ്പ് തുടരുന്നു. സൗദി പ്രോ ലീഗിൽ അൽ-ഖൊലൂദ് ക്ലബ്ബിനെതിരായ മത്സരത്തിൽ കേവലം 15 മിനിറ്റിനിടെ ഹാട്രിക്ക് നേടി അൽ നസറിന് 5-3ൻറെ തകർപ്പൻ ജയം സമ്മാനിച്ചാണ് പോർച്ചുഗീസ് സൂപ്പർ താരം ആയിരം ഗോളിലേക്ക് ഒരുപടി കൂടി അടുത്തത്. ഈ ഹാട്രിക്കോടെ റൊണാൾഡോയുടെ കരിയറിലെ ആകെ ഗോൾ നേട്ടം 985 ആയി ഉയർന്നു.

കിംഗ് സൗദ് യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ ഇരുടീമുകളും ആദ്യപകുതിയിൽ 2-2 എന്ന നിലയിൽ സമനിലയിലായിരുന്നു. 16-ാം മിനിറ്റിൽ യൂലിയൻ ഡൊമിംഗസിലൂടെ അൽ ഖൊലൂദാണ് ആദ്യം മുന്നിലെത്തിയത്. എന്നാൽ ആഞ്ചലോ ഗബ്രിയേലിലൂടെയും സാഡിയോ മാനെയിലൂടെയും അൽ നസർ തിരികെ തിരിച്ചടിച്ചെങ്കിലും ആദ്യപകുതിയുടെ ഇൻജുറി ടൈമിൽ ആൻറോയിൻ എസ്സോംബയിലൂടെ അൽ ഖൊലൂദ് ഒപ്പമെത്തി. രണ്ടാം പകുതിയിൽ റൊണാൾഡോ മത്സരം പൂർണ്ണമായും കൈപ്പിടിയിലൊതുക്കി. 66, 72, 81 മിനിറ്റുകളിലായിരുന്നു റൊണാൾഡോയുടെ ഗോളുകൾ. 66-ാം മിനിറ്റിൽ ക്ലോസ് റേഞ്ചിൽ നിന്നുള്ള ആദ്യ ഗോളിലൂടെ റൊണാൾഡോ അൽ നസറിന് ലീഡ് സമ്മാനിച്ചു.72-ാം മിനിറ്റിൽ ഹെഡ്ഡറിലൂടെ രണ്ടാം ഗോൾ. 81-ാം മിനിറ്റിൽ മൂന്നാം ഗോളിലൂടെ ഹാട്രിക്ക് പൂർത്തിയാക്കിയ റൊണാൾഡോ ടീമിൻറെ ജയമുറപ്പിച്ചു.

പോർച്ചുഗീസ് താരം ജാവോ ഫെലിക്സ് മത്സരത്തിൽ നാല് അസിസ്റ്റുകളോടെ മികച്ച പിന്തുണ നൽകി. ഇൻജുറി ടൈമിൽ പെനാൽറ്റിയിലൂടെ അൽ ഖൊലൂദ് ഒരു ഗോൾ കൂടി മടക്കിയെങ്കിലും 5-3ന് അൽ നസർ വിജയം ഉറപ്പിച്ചു. അന്താരാഷ്ട്ര-ക്ലബ്ബ് കരിയറുകളിലായി റൊണാൾഡോ നേടുന്ന 67-ാമത് ഹാട്രിക്ക് ആണിത്. 2023-ൽ സൗദിയിൽ എത്തിയ ശേഷം അൽ നസറിനായി നേടുന്ന ഏഴാമത്തെ ഹാട്രിക്കും. കരിയർ ഗോളുകളുടെ എണ്ണത്തിൽ തൻറെ പ്രധാന എതിരാളിയായ ലിയോണൽ മെസിയേക്കാൾ (936 ഗോളുകൾ) 49 ഗോളുകൾക്ക് മുന്നിലെത്താനും റൊണാൾഡോയ്ക്കായി.മത്സരത്തിന് തൊട്ടുമുമ്പ് റൊണാൾഡോയെ തേടി മറ്റൊരു പുരസ്കാരവുമെത്തി. ഫ്രാൻസ് ഫുട്ബോൾ സംഘടിപ്പിച്ച ആഗോള ആരാധക വോട്ടെടുപ്പിലൂടെ മെസിയെ പിന്തള്ളി 'ഓൾ ടൈം ബാലൺ ഡി ഓർ' (ആ.ഛ.അ.ഠ.) പുരസ്കാരം റൊണാൾഡോ സ്വന്തമാക്കിയിരുന്നു. 2007/08 സീസണിൽ മാഞ്ചസ്റ്റർ യുണൈറ്റഡിനൊപ്പം പ്രീമിയർ ലീഗും ചാമ്പ്യൻസ് ലീഗും നേടി 42 ഗോളുകളോടെ റൊണാൾഡോ തൻറെ ആദ്യ ബാലൺ ഡി ഓർ സ്വന്തമാക്കിയ പ്രകടനമാണ് എക്കാലത്തെയും മികച്ച ബാലൺ ഡി ഓർ പ്രകടനമായി ആരാധകർ തിരഞ്ഞെടുത്തത്. 2012-ൽ 91 ഗോളുകൾ നേടിയ മെസിയുടെ പ്രകടനം രണ്ടാം സ്ഥാനത്തെത്തി.

അതേസമയം, പോർച്ചുഗൽ ദേശീയ ടീം ക്യാമ്പിൽ നിന്ന് പരിശീലകനുമായുള്ള തർക്കത്തെത്തുടർന്ന് ഇറങ്ങിപ്പോയതിന് റൊണാൾഡോയ്ക്ക് വിലക്ക് നേരിടേണ്ടി വന്നിരുന്നു. പോർച്ചുഗീസ് ഫുട്ബോൾ ഫെഡറേഷൻ 30 ദിവസത്തെ സസ്പെൻഷനും പിഴയും




ചുമത്തി. ഒക്ടോബർ 1 മുതൽ ആരംഭിച്ച സസ്പെൻഷൻ കാലാവധി അവസാനിക്കുന്നതോടെ നവംബർ 14-ന് ഡെൻമാർക്കിനെതിരെ നടക്കുന്ന യുവേഫ നേഷൻസ് ലീഗ് മത്സരത്തിൽ റൊണാൾഡോ തിരിച്ചെത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്.

പാലക്കാട് ക്വാറിയിൽ ലോറി വെള്ളക്കെട്ടിലേക്ക് മറിഞ്ഞു കാണാതായ ഡ്രൈവറുടെ മൃതദേഹം കണ്ടെത്തി

തിരുമിറ്റക്കോട്: കറുകപുത്തൂർ കാറിയിൽ ലോറി വെള്ളക്കെട്ടിലേക്ക് മറിഞ്ഞുണ്ടായ അപകടത്തിൽ കാണാതായ ഡ്രൈവറുടെ മൃതദേഹം കണ്ടെത്തി. പട്ടാമ്പി ഞാങ്ങാട്ടിരി സ്വദേശി അബു താഹിറിന്റെ മൃതദേഹമാണ് വെള്ളിയാഴ്ച രാവിലെ നടത്തിയ തിരച്ചിലിൽ കണ്ടെത്തിയത്. കോട്ടയത്തു നിന്നെത്തിയ ഫയർഫോഴ്സിന്റെ സ്കൂബ ഡൈവിംഗ് സംഘം നടത്തിയ പരിശോധനയിൽ ചെളിയിൽ താഴ്ന്ന നിലയിലാണ് മൃതദേഹം കണ്ടെത്തിയത്. ഇൻക്വസ്റ്റ് നടപടികൾക്ക് ശേഷം മൃതദേഹം പട്ടാമ്പി താലൂക്ക് ആശുപത്രി മോർച്ചറിയിലേക്ക് മാറ്റി.

വ്യാഴാഴ്ച രാവിലെ ഏഴു മണിയോടെയായിരുന്നു അപകടം. ക്വാറിയിൽ മണ്ണടിക്കുന്നതിനിടെ നിയന്ത്രണംവിട്ട ലോറി ഡ്രൈവർ സഹിതം 40 അടിയിലേറെ ആഴമുള്ള വെള്ളക്കെട്ടിലേക്ക് പതിക്കുകയായിരുന്നു. അപകട വിവരമറിഞ്ഞ് സ്ഥലത്തെത്തിയ പോലീസും അഗ്നിരക്ഷാ സേനയും നാട്ടുകാരും ചേർന്ന് ഉടൻ തന്നെ രക്ഷാപ്രവർത്തനം ആരംഭിച്ചു.

മൂന്ന് ക്രെയിനുകൾ എത്തിച്ച് 15 മണിക്കൂറിലേറെ നേരം നടത്തിയ കഠിനശ്രമത്തിനൊടുവിലാണ് വെള്ളക്കെട്ടിൽ മുങ്ങിപ്പോയ ലോറി കരയ്ക്കെത്തിക്കാനായത്. എന്നാൽ വ്യാഴാഴ്ച നടത്തിയ തിരച്ചിലിൽ ഡ്രൈവറെ കണ്ടെത്താൻ സാധിച്ചിരുന്നില്ല. തുടർന്ന് വെള്ളിയാഴ്ച രാവിലെയോടെ സ്കൂബ സംഘം നടത്തിയ തെരച്ചിലിലാണ് മൃതദേഹം കണ്ടെത്താനായത്.



പരിശീലക സ്ഥാനത്തേക്ക് ഗൗതം ഗംഭീറിനെ നോട്ടമിട്ട് നാല് ഐപിഎൽ ഫ്രാഞ്ചൈസികൾ

മുംബൈ: ഇന്ത്യൻ ക്രിക്കറ്റ് ടീം ഹെഡ് കോച്ച് ഗൗതം ഗംഭീറിനെ വീണ്ടും പരിശീലക സ്ഥാനത്തേക്ക് തിരികെ എത്തിക്കാൻ ഐപിഎൽ ഫ്രാഞ്ചൈസികൾ ശ്രമിക്കുന്നതായി റിപ്പോർട്ട്. നിലവിൽ 2027 ഏകദിന ലോകകപ്പ് വരെയാണ് ഗംഭീറിന് ബിസിസിഐയുമായുള്ള കരാറെങ്കിലും, 2028 ഐപിഎൽ സീസണിന് മുന്നോടിയായി അദ്ദേഹത്തെ ഉപദേശകനായോ (മെന്റർ) കോച്ചായോ ഒപ്പം കൂട്ടാൻ നാല് ഐപിഎൽ ഫ്രാഞ്ചൈസികൾ ആഭ്യന്തര ചർച്ചകൾ ആരംഭിച്ചിട്ടുണ്ടെന്ന് ഒരു ദേശീയ മാധ്യമം പുറത്തുവിട്ട റിപ്പോർട്ടിൽ പറയുന്നു.

ഗംഭീറിന്റെ മുൻ ടീമായ കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനു പുറമെ രാജസ്ഥാൻ റോയൽസുമായും ഗംഭീറിന്റെ പ്രതിനിധികൾ പ്രാഥമിക ചർച്ചകൾ നടത്തിക്കഴിഞ്ഞു. കൂടാതെ, ഐപിഎല്ലിലെ ഏറ്റവും വിജയകരമായ ഒരു ടീമും ഇതുവരെ കിരീടം നേടാത്ത മറ്റൊരു ടീമും ഗംഭീറിനെ സ്വന്തമാക്കാൻ താത്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്.എന്നാൽ ബിസിസിഐ ഗംഭീറുമായുള്ള കരാർ ദീർഘിപ്പിക്കുകയാണെങ്കിൽ ഫ്രാഞ്ചൈസികൾക്ക് തങ്ങളുടെ പദ്ധതികൾ മാറ്റിവെക്കേണ്ടി വരും. നിലവിൽ ഗംഭീറിന്റെ കരാർ 2027 ലോകകപ്പ് വരെയാണെങ്കിലും 2028 ലോസ് ആഞ്ചലസ് ഒളിമ്പിക്സ് വരെ നീട്ടാനുള്ള സാധ്യതകളും തള്ളിക്കളയാനാകില്ല.

2024-ൽ കെകെആർ ഐപിഎൽ കിരീടം നേടിയതിന് ശേഷമാണ് രാഹുൽ ദ്രാവിഡിന് പകരക്കാരനായി ഗംഭീർ ഇന്ത്യൻ ടീമിന്റെ ഹെഡ് കോച്ചായി സ്ഥാനമേറ്റത്. ലഖ്നൗ സൂപ്പർ ജയന്റ്സ്, കെകെആർ എന്നീ ടീമുകളുടെ മെന്ററായി പ്രവർത്തിച്ച ഗംഭീർ, മികവുറ്റ ഒരു തന്ത്രജ്ഞനായാണ് അറിയപ്പെടുന്നത്. 2022, 2023 സീസണുകളിൽ ലഖ്നൗവിനെ പ്ലേഓഫിലെത്തിക്കാൻ അദ്ദേഹത്തിന് സാധിച്ചിരുന്നു. തുടർന്ന് ഷാരൂഖ് ഖാന്റെ വ്യക്തിപരമായ ക്ഷണപ്രകാരം കെകെആറിലേക്ക് തിരിച്ചെത്തിയ അദ്ദേഹം, ശ്രേയസ് അയ്യരുടെ നായകത്വത്തിൽ 10 വർഷത്തെ ഇടവേളയ്ക്ക് ശേഷം കെകെആറിന് 2024 ഐപിഎൽ കിരീടം നേടിക്കൊടുത്തു.

ഗംഭീർ പോയതിനുശേഷം കെകെആറും ലഖ്നൗവും തിരിച്ചടികൾ നേരിട്ടു. കെകെആറിന് തുടർന്നുള്ള രണ്ട് സീസണുകളിൽ ഏഴ്, എട്ട് സ്ഥാനങ്ങളിലൊതുങ്ങി പ്ലേഓഫ് യോഗ്യത നേടാനായില്ല. ലഖ്നൗ ടീം 2024, 2025 സീസണുകളിൽ ഏഴാം സ്ഥാനത്തും 2026-ൽ പത്താം സ്ഥാനത്തുമായി ഒതുങ്ങി.

റെഡ് ബോൾ ക്രിക്കറ്റിൽ ഗംഭീറിന്റെ പ്രകടനം ചില വിമർശനങ്ങൾ നേരിടുന്നുണ്ടെങ്കിലും വൈറ്റ് ബോൾ ക്രിക്കറ്റിൽ അദ്ദേഹത്തിന്റെ തന്ത്രങ്ങൾ ഏറെ ബഹുമാനിക്കപ്പെടുന്നുണ്ട്. അദ്ദേഹത്തിന്റെ കീഴിൽ ഇന്ത്യൻ ടീം രണ്ട് ഐസിസി കിരീടങ്ങളും ഏഷ്യാ കപ്പും ഏഷ്യൻ ഗെയിംസ് സ്വർണ മെഡലും നേടിയിട്ടുണ്ട്.

റിപ്പോർട്ട് നൽകാൻ ഉദ്യോഗസ്ഥർക്ക് സമയമില്ല; കവുങ്ങ് തലയിൽ വീണ് പരിക്കേറ്റ കുട്ടിയുടെ ചികിത്സാസഹായം വൈകുന്നു

വയനാട്: കവുങ്ങ് വീണ് തലയ്ക്ക് ഗുരുതരമായി പരിക്കേറ്റ കുട്ടിയുടെ ചികിത്സാസഹായം വൈകുന്നു. എൽനീനോ പ്രതിഭാസത്തിന്റെ ഭാഗമായി വെള്ളമുണ്ട പഞ്ചായത്തിലെ 19-ാം വാർഡിൽ ഒക്ടോബർ ഒന്നിനുണ്ടായ ചുഴലിക്കാറ്റിൽ കവുങ്ങ് വീണ് പരിക്കേറ്റ് ചികിത്സയിലുള്ള കുട്ടിക്കാണ് സർക്കാർ സഹായം വൈകുന്നത്. റവന്യൂ വകുപ്പ് സമയബന്ധിതമായി സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിക്കാത്തതാണ് ചികിത്സാ സഹായം വൈകാൻ കാരണം.

ഒക്ടോബർ ഒന്നിന് വൈകുന്നേരം നാല് മണിക്ക് കുട്ടി സ്കൂൾ വിട്ട് വീട്ടിലേക്ക് പോകും വഴിയായിരുന്നു കവുങ്ങ് വീണ് ഏഴ് വയസുകാരന് പരിക്കേറ്റത്. ഇതിനോടകം കുട്ടിക്ക് നാല് സർജറികൾ കഴിഞ്ഞു. ഇനിയും രണ്ട് സർജറികൾ കൂടി ആവശ്യമുണ്ട്. വിഷയത്തിൽ എംഎൽഎയും മന്ത്രി ടി സിദ്ദിഖും ജില്ലാ കലക്ടർ വി. ചെൽസാസിനിയും ഇടപെട്ടിരുന്നു. ചികിത്സാ ചെലവ് സർക്കാർ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടത്തുമെന്ന് മൂന്നുപേരും ഉറപ്പു നൽകുകയും ചെയ്തു.

കഴിഞ്ഞ ദിവസം മാധ്യമപ്രവർത്തകരോട് സംസാരിക്കവേ ഇക്കാര്യം മന്ത്രി സിദ്ദീഖ് സൂചിപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ അപകടമുണ്ടായി 29 ദിവസം കഴിഞ്ഞിട്ടും അതിന്റെ ഗൗരവം സൂചിപ്പിച്ചുകൊണ്ടുള്ള ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടില്ല. വെള്ളമുണ്ട ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കമർ ലൈല നേരിട്ട് കലക്ട്രേറ്റിൽ എത്തി ഇത് സംബന്ധിച്ച് കലക്ടറോട് പരാതി ബോധിപ്പിച്ചു.

മന്ത്രിസഭാ യോഗത്തിൽ സർക്കാർ സഹായത്തെ കുറിച്ച് തീരുമാനമാകുമെന്നായിരുന്നു പറഞ്ഞിട്ടുള്ളത്. എന്നാൽ കലക്ട്രേറ്റിൽ വന്നപ്പോൾ ചികിത്സ സഹായവുമായി ബന്ധപ്പെട്ടുള്ള ഒരു നടപടികളും മേലാധികാരികൾക്ക് കൈമാറിയിട്ടില്ല എന്നാണ് അറിയാൻ സാധിച്ചത്. കലക്ടറെ കണ്ടപ്പോൾ എല്ലാം പെട്ടെന്ന് തന്നെ അയക്കാമെന്ന് ഉറപ്പ് നൽകിയിട്ടുണ്ട്. സർക്കാരിന് ഇത് സംബന്ധിച്ചുള്ള റിപ്പോർട്ടുകൾ കൈമാറാത്തത് കൊണ്ടാണ് മന്ത്രിസഭയിൽ ഒരു തീരുമാനം എടുക്കാൻ പറ്റാതിരുന്നത് എന്നാണ് മനസിലാക്കാൻ കഴിഞ്ഞത്. കുട്ടി വളരെ ഗുരുതരാവസ്ഥയിലാണ്. സാമ്പത്തികമായി വളരെ പിന്നോട്ടുള്ള ഒരു കുടുംബമാണ്. അതുകൊണ്ട് തന്നെ പെട്ടെന്ന് നടപടി എടുക്കണമെന്ന് പഞ്ചായത്ത് പ്രസിഡന്റ് കമർ ലൈല പറഞ്ഞു.

RNI No. 35157/10, Printer, Publisher & Chief Editer P.T. Nizar, Peoples Review, GS Binaya Building RC Road calicut - 673001, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.